മി. സ്പീക്കർ: ഓർഡർ……… ഓർഡർ…… ചോദ്യം നമ്പർ (*31)

നികുതി വരുമാനം മെച്ചപ്പെടുത്തുന്നതിന് നടപടി

1 (*31)ഡോ. എൻ. ജയരാജ്
ശ്രീ. ജോബ് മൈക്കിൾ
ശ്രീ. പ്രമോദ് നാരായൺ
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നികുതി ചോർച്ച തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് നികുതി വരുമാനം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര ഇക്കണോമിക് ഇന്റലിജൻസ് ബ്യൂറോ പുതുതായി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; അവ സംസ്ഥാനത്ത് പ്രാവർത്തികമാണോയെന്ന് അറിയിക്കാമോ;

(സി) കോടതികളിലും ട്രിബ്യൂണലുകളിലുമുള്ള ജി.എസ്.ടി., വാല്യൂ ആഡഡ് ടാക്സ് എന്നിവയുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) നികുതി കുടിശ്ശിക തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ സ്കീമുകൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ) സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നികുതി ചോർച്ച തടയുന്നതിന് രജിസ്ട്രേഷൻ, എക്സൈസ്, നികുതി വകുപ്പുകൾ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

രജിസ്ട്രേഷൻ വകുപ്പ്

2010-ൽ ഭൂമിയുടെ ന്യായവില നിർണ്ണയിച്ച് പ്രസിദ്ധപ്പെടുത്തുകയും പ്രസ്തുത ന്യായവില 2014-ൽ 50 ശതമാനവും 2018, 2019, 2020, 2022 വർഷങ്ങളിൽ 10 ശതമാനം വീതവും വർദ്ധിപ്പിക്കുകയുമുണ്ടായി. നിലവിലുള്ള വിപണി വിലയും സർക്കാർ പ്രസിദ്ധീകരിച്ച ന്യായവിലയും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ടുവരാനും നികുതി പിരിവ് കാര്യക്ഷമമാക്കാനുമായി ഭൂമിയുടെ ന്യായവില സമഗ്രമായി പുന:നിർണ്ണയിക്കാൻ റവന്യൂ(ജി) വകുപ്പിന്റെ 14-08-2018 തീയതിയിലെ GO(Ms)No.302/18/RD നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില സമഗ്രമായി

പുന:നിർണ്ണയിക്കുന്നതിലൂടെ വിപണി വിലയും സർക്കാർ പ്രസിദ്ധീകരിച്ച ന്യായവിലയും തമ്മിലുള്ള അന്തരം കുറയ്ക്കാനും അതുവഴി നികുതി പിരിവ് കാര്യക്ഷമമാക്കാനും സാധിക്കുന്നതാണ്. ഈ ഉത്തരവുപ്രകാരമുള്ള നടപടികൾ റവന്യൂ വകുപ്പിലാണ് നടന്നുവരുന്നത്. ഫ്ലാറ്റുകൾ/അപ്പാർട്ട്മെന്റുകൾ എന്നിവ വില കുറച്ച് രജിസ്റ്റർ ചെയ്യുന്നത് കാരണമുള്ള റവന്യൂ നഷ്ടം ഒഴിവാക്കുന്നതിനായി 2016-ലെ ഫിനാൻസ് ആക്റ്റിലൂടെ ഫ്ലാറ്റുകൾ/അപ്പാർട്ട്മെന്റുകൾ എന്നിവ കൈമാറ്റം ചെയ്യുന്ന ആധാരങ്ങളിൽ കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡം അനുസരിച്ചുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി. അതിനുശേഷം 2020 ഏപ്രിൽ 1 മുതൽ ഫ്ലാറ്റുകൾ/അപ്പാർട്ട്മെന്റുകൾ ഒഴികെയുള്ള കെട്ടിടങ്ങൾ കൈമാറ്റം ചെയ്യുന്ന ആധാരങ്ങൾക്കും കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡം അനുസരിച്ചുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി. കുടിശ്ശികയുള്ള അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനും സർക്കാരിന് അധിക വിഭവ സമാഹരണം നടത്തുന്നതിനും 23-05-2018-ലെ GO(P)No.74/2018/TD

പ്രകാരം ആവിഷ്ക്കരിച്ച കോമ്പൗണ്ടിംഗ് പദ്ധതി 2023 മാർച്ച് 31-ന് അവസാനിച്ചു. ഇതനുസരിച്ചുള്ള വരുമാന വർദ്ധനവുണ്ടായിട്ടുണ്ട്.

<u>എക്സൈസ് വകുപ്പ്</u>

എക്സൈസ് വകുപ്പിൽ അനധികൃത മദ്യ വ്യാപനം തടയുന്നതിന് എക്സൈസ് എൻഫോഴ്സ്മെന്റ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന അതിർത്തി പ്രദേശങ്ങൾ വഴി അനധികൃത മദ്യവും കേരളത്തിൽ നികുതി അടയ്ക്കാത്ത അന്യസംസ്ഥാന മദ്യവും കടത്തുന്നത് തടയുന്നതിന് ചെക്ക്പോസ്റ്റുകളിലെ പരിശോധനയും ചെക്ക്പോസ്റ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ (കെമു) മുഖേനയുള്ള പരിശോധനകളും ബോർഡർ പട്രോളിംഗ്, ഹൈവേ പട്രോളിംഗ് എന്നിവ ശക്തിപ്പെടുത്തിയിട്ടുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തി നികുതി ചോർച്ച തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

<u>നികുതി വകുപ്പ്</u>

നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായാണ് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ പുനഃസംഘടന നടപ്പാക്കിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്, ഓഡിറ്റ്, ടാക്സ് പെയർ സർവ്വീസസ് എന്നീ വിഭാഗങ്ങൾ രൂപീകരിച്ച് നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വകുപ്പ് കാര്യക്ഷമതയോടെ ഏർപ്പെട്ടുവരുന്നു.

വകുപ്പിലെ വിവിധ വിഭാഗങ്ങളിലെ ജീവനക്കാർക്ക് നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനും ജി.എസ്.ടി. നിയമാനുസൃത നടപടികൾ കൈക്കൊള്ളുന്നതിനും വേണ്ട വിദഗ്ദ്ധ പരിശീലനം പ്രഗൽഭരായ പരിശീലകരെ ഉൾപ്പെടുത്തി നൽകിയതിലൂടെ ജീവനക്കാരുടെ പ്രവർത്തനം മെച്ചപ്പെടുത്താനും നികുതി വരുമാനം വർദ്ധിപ്പിക്കാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇന്റലിജൻസ് വിഭാഗത്തിന്റെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനഫലങ്ങൾ ഇതിന് തെളിവാണ്. നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ

ഇൻവെസ്റ്റിഗേഷൻ/ഇന്റലിജൻസ് വിഭാഗം 2021-22 കാലയളവിൽ 35 കേസുകളിൽനിന്നായി 47.58 കോടി രൂപയും 2022-23 കാലയളവിൽ 203 കേസുകളിൽനിന്നായി 445.39 കോടി രൂപയും 2023-24 കാലയളവിൽ ഡിസംബർ 31 വരെ 210 കേസുകളിൽ നിന്നായി 1590.84 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്. ആ വർദ്ധന ഇവിടെ വളരെ വ്യക്തമാണ്. സംസ്ഥാനത്തെ എൻഫോഴ്സ്മെന്റ് വിഭാഗവും ജി.എസ്.ടി.-യിലെ നികുതി ചോർച്ച തടയുന്നതുമായി ബന്ധപ്പെട്ട് സജീവമായി പ്രവർത്തിച്ചുവരുന്നു.

കൂടാതെ മറ്റ് സംസ്ഥാനങ്ങളിലെ ജി.എസ്.ടി. വകുപ്പുകളുമായി സഹകരിച്ച് ജോയിന്റ് ഓപ്പറേഷൻ നടത്തി, നികുതി വെട്ടിപ്പുകൾ തടയുന്നതിനും വ്യാജ ബിൽ, വ്യാജ രജിസ്ട്രേഷൻ എന്നിവ തടയുന്നതിനും വേണ്ടുന്ന ഊർജ്ജിത നടപടികൾ കൂടുതൽ കാര്യക്ഷമമായി നടന്നുവരുന്നു. കർണ്ണാടക, ആന്ധ്രാപ്രദേശ്, ഗുജറാത്ത്, മഹാരാഷ്ട്ര, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽനിന്നും നമ്മുടെ ഇന്റലിജൻസ് പ്രവർത്തനങ്ങളുടെ രീതി മാതൃകയാക്കുന്നതുമായി ബന്ധപ്പെട്ട് പഠന സംഘങ്ങൾ കേരളത്തിലെത്തിച്ചേരുന്നു എന്നത് നമ്മുടെ സംവിധാനത്തിന്റെ മികവിനുള്ള

അംഗീകാരമാണ്. കഴിഞ്ഞ രണ്ട് GST ഉദ്യോഗസ്ഥ മീറ്റിംഗുകളിലും സെൻട്രൽ ഇക്കണോമിക് ഇന്റലിജൻസ് ബ്യൂറോ സംസ്ഥാന ഇന്റലിജൻസിന്റെ പ്രവർത്തനത്തിന്റെ രീതികൾ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്ന് ചൂണ്ടിക്കാണിച്ചതും സംസ്ഥാന GST ഇന്റലിജൻസിന്റെ മികവിന്റെ തെളിവാണ്. ഇതുകൂടാതെ വകുപ്പിൽ പുതുതായി രൂപീകരിക്കപ്പെട്ട ഓഡിറ്റ് സംവിധാനത്തിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചിട്ടുണ്ട്. ഓഡിറ്റ് വിംഗിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നികുതി ചോർച്ച തടയുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും മുതൽക്കൂട്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ജി.എസ്.ടി. വിവര കൈമാറ്റവുമായി ബന്ധപ്പെട്ട് കേന്ദ്ര ഇക്കണോമിക് ഇന്റലിജൻസ് ബ്യൂറോയുടെ നിർദ്ദേശങ്ങൾ വകുപ്പിന് ലഭിച്ചിട്ടുണ്ട്. ഇത് സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ട്.

(സി) നികുതി അധികാരികൾ പുറപ്പെടുവിക്കുന്ന വിധിനിർണ്ണയ ഉത്തരവുകളിൽ നികുതിദായകർക്ക് അപ്പീലുകൾ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം ഒന്നാം അപ്പീലുകൾ കൈകാര്യം ചെയ്യുന്നതിന്, സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ തിരുവനന്തപുരം,

കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ആറ് ജില്ലകളിലായി ഒന്നാം അപ്പീൽ അധികാരികളെ വിന്യസിച്ചിട്ടുണ്ട്. പ്രസ്തുത അപ്പീൽ അധികാരികൾ ജി.എസ്.ടി. നികുതി നിയമം, മൂല്യ വർദ്ധിത നികുതി നിയമം ഉൾപ്പെടെ പ്രീ-ജി.എസ്.ടി. ആക്ടുകൾക്ക് കീഴിലുള്ള ഒന്നാം അപ്പീലുകൾ തീർപ്പാക്കിവരുന്നു. അഡീഷണൽ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ എന്നിങ്ങനെ വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥരെയാണ് ഒന്നാം അപ്പീൽ അധികാരികളായി ചുമതലപ്പെടുത്തിയിട്ടുള്ളത്. മൂല്യവർദ്ധിത നികുതി നിയമം ഉൾപ്പെടെ പ്രീ-ജി.എസ്.ടി. ആക്ടുകൾക്ക് കീഴിലുള്ള രണ്ടാം അപ്പീലുകൾ കൈകാര്യം ചെയ്യുന്നതിന് തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ നാല് ജില്ലകളിലായി അപ്പലേറ്റ് ട്രിബ്യൂണലുകൾ നിലവിലുണ്ട്. എന്നാൽ ജി.എസ്.ടി. നിയമപ്രകാരമുള്ള അപ്പലേറ്റ് ട്രിബ്യൂണലുകൾ സ്ഥാപിതമായിട്ടില്ല. ആയതിനാൽ ജി.എസ്.ടി. അപ്പീലുകൾ നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ ഫയൽ ചെയ്യാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് 31-12-2019-ലെ സർക്കാർ വിജ്ഞാപനപ്രകാരം അപ്പീലുകൾ ഫയൽ ചെയ്യുന്നതിനുള്ള കാലപരിധി

ട്രിബ്യൂണലുകൾ സ്ഥാപിതമാവുന്ന തീയതി മുതൽ മാത്രം കണക്കാക്കുന്നതിനായി ഉത്തരവിറക്കിയിട്ടുണ്ട്. ഇത് സാധാരണ നികുതിദായകരെ സംബന്ധിച്ചുള്ള വളരെ പ്രധാനപ്പെട്ട കാര്യമാണ്. കേന്ദ്ര നിയമത്തിന്റെ പ്രശ്നം കാരണം ഇതുവരെ ജി.എസ്.ടി. കൗൺസിൽ അത് നടപ്പാക്കാത്തൊരു പ്രശ്നമുണ്ട്. എന്നിരുന്നാലും ചില നികുതിദായകർ ജി.എസ്.ടി. ഒന്നാം അപ്പീൽ ഉത്തരവിനെതിരെ നേരിട്ട് ബഹു: ഹൈക്കോടതിയിൽ റിട്ട് ഹർജികൾ ഫയൽ ചെയ്യുകയും ആയത് ബഹു: ഹൈക്കോടതി പരിഗണിക്കുകയും ചെയ്യുന്നുണ്ട്. ഒന്നാം അപ്പീൽ അധികാരികൾക്ക് മുമ്പാകെയുള്ള എല്ലാ അപ്പീലുകളും വേഗത്തിൽ തീർപ്പാക്കുന്നതിലേയ്ക്കായി വകുപ്പ് ബന്ധപ്പെട്ട അധികാരികൾക്ക് സർക്കുലർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ബഹു: ഹൈക്കോടതി മുമ്പാകെയുള്ള നികുതി കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി ജോയിന്റ് കമ്മീഷണറുടെ കേഡറിലുള്ള വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥന്റെ കീഴിൽ പ്രവർത്തിക്കുന്ന ഓഫീസ്, അഡ്വക്കേറ്റ് ജനറൽ ഓഫീസുമായി പ്രത്യേക ലെയ്സൺ പ്രവർത്തനം നടത്തിവരുന്നു. നിലവിലെ ബെഞ്ചുകളുടെ സിറ്റിംഗ് എണ്ണം

വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യം ബഹു: ഹൈക്കോടതി ചീഫ് ജസ്റ്റിസിന് മുമ്പാകെ സമർപ്പിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേരള ഹൈക്കോടതിയിൽ നിലവിൽ 3738 നികുതി കേസുകളും സുപ്രീം കോടതിയിൽ 192 കേസുകളും തീർപ്പാക്കാനുണ്ട്. KVAT അപ്പലേറ്റ് ട്രിബ്യൂണലുകൾ മുമ്പാകെയുള്ള കേസുകളുടെ എണ്ണം അനുബന്ധമായി* ചേർക്കുന്നു.

(ഡി) **<u>രജിസ്ട്രേഷൻ വകുപ്പ്</u>**

രജിസ്ട്രേഷൻ വകുപ്പിനെ സംബന്ധിച്ച് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയംതന്നെ ആവശ്യമായ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഈടാക്കിയാണ് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നത്. ആയതിനാൽ ആധാര രജിസ്ട്രേഷൻമൂലം നികുതി കുടിശ്ശിക ഉണ്ടാകാറില്ല. എന്നാൽ ടി ആധാരത്തിൽ കാണിച്ചിട്ടുള്ള വില കുറവാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം ടി ആധാരങ്ങളിന്മേൽ അണ്ടർ വാല്യുവേഷൻ നടപടിക്കായി സബ് രജിസ്ട്രാർമാർ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിപ്പോർട്ട് ചെയ്യാറുണ്ട്. ആയത് പിരിച്ചെടുക്കുന്നതിനായി കേരള മുദ്രപത്ര നിയമത്തോടനുബന്ധിച്ചുള്ള 1968-ലെ പി.യു.വി.ഐ. ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

എക്സൈസ് വകുപ്പ്

അബ്കാരി കുടിശ്ശിക തീർപ്പാക്കുന്നതിന് ആംനെസ്റ്റി സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്. 2024 ജനുവരിവരെയാണ് ഈ സ്കീം പ്രാബല്യത്തിലുള്ളത്.

നികുതി വകുപ്പ്

നികുതി കുടിശ്ശിക തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ പദ്ധതികളൊന്നും പരിഗണനയിലില്ല. എന്നാൽ റവന്യൂ റിക്കവറി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ പുനഃസംഘടനയിൽ എല്ലാ ജില്ലകളിലും റവന്യൂ റിക്കവറിക്കായി പ്രത്യേക വിഭാഗം രൂപീകരിക്കുകയും കാര്യക്ഷമമായ രീതിയിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

ഡോ. എൻ. ജയരാജ്: സർ, കേന്ദ്ര ഗവൺമെന്റിന് സംസ്ഥാനത്തോടുള്ള തെറ്റായ സാമ്പത്തിക സമീപനങ്ങൾക്കിടയിലും നമ്മുടെ വിഭവശേഷിയെ പരമാവധി കണ്ടെത്തിക്കൊണ്ട് കേരളത്തിന്റെ വികസനപ്രവർത്തനത്തിനും ക്ഷേമപ്രവർത്തനങ്ങൾക്കും വളരെ നല്ല നിലയിലുള്ള ഊർജ്ജം പകരാൻ ധനകാര്യ വകുപ്പിന് സാധിച്ചിട്ടുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ വിവിധ വിഭാഗത്തിൽപ്പെട്ട സോഴ്സുകളിൽനിന്ന് പണം കണ്ടെത്താനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് ഈ രംഗത്ത് കേരളം മുന്നോട്ടുവച്ചിട്ടുള്ളത്. തീർച്ചയായും ഇത് വളരെയേറെ അഭിനന്ദനം അർഹിക്കുന്നു. എന്റെ ചോദ്യം, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വില്പനയുള്ളൊരു മേഖല സ്വർണ്ണ വ്യാപാര മേഖലയാണ്. കേരളത്തിലെ മൊത്തം സ്വർണ്ണവ്യാപാര മേഖലയുടെ ടേൺ ഓവർ അനുസരിച്ചുള്ള നികുതി വരുമാനം യഥാർത്ഥത്തിൽ സംസ്ഥാന ഗവൺമെന്റിന് ലഭിക്കുന്നില്ലെന്നത് വളരെ ഗൗരവതരമായ വിഷയമാണ്. അതുകൊണ്ട് സ്വർണ്ണാഭരണങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നികുതി

ചോർച്ച തടയുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നികുതി ചോർച്ച തടയുന്നതിന് വിവിധ മേഖലകളിൽ നടത്തുന്ന പ്രവർത്തനങ്ങളെപ്പറ്റിയാണ് പറഞ്ഞത്. അങ്ങ് ഏറ്റവും ഒടുവിൽ സ്വർണ്ണ വ്യാപാര മേഖലയെപ്പറ്റിയുള്ള ചോദ്യമാണ് പ്രത്യേകമായി ഉന്നയിച്ചത്. നിലവിൽ സ്വർണ്ണവ്യാപാര മേഖലയിൽനിന്ന് കിട്ടുന്ന കൃത്യമായ കണക്ക് HSN (Harmonized system of Nomenclature) നമ്പർ അല്ലെങ്കിൽ കോഡ് വഴിയല്ല കണ്ടെത്തുന്നത്. ഓരോ ഉൽപ്പന്നമെന്ന നിലയിൽ HSN കോഡുകൾ പ്രത്യേകമായി നിലവിലില്ല. സ്വർണ്ണവ്യാപാര മേഖലയിൽ നേരത്തെ ഉണ്ടായിരുന്നതിനേക്കാളും വ്യത്യസ്തമായൊരു സാഹചര്യവും വരുമാനത്തിന്റെ കാര്യത്തിൽ വന്നിട്ടുണ്ട്. നേരത്തെ 5% ആയിരുന്നു നികുതി. ജി.എസ്.ടി. വന്നതിനുശേഷം അത് 3% ആയി. അതിൽ ഒന്നര ശതമാനമാണ് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നത്. ഈ മേഖലയിൽ വലിയ വിലപിടിപ്പുള്ളൊരു ഉൽപ്പന്നമെന്ന നിലയിൽ മറ്റ് സ്ഥലത്തുള്ളതുപോലെ e-Waybill വഴി കണ്ടുപിടിക്കാൻ ബുദ്ധിമുട്ടാണ്.

സ്വർണ്ണത്തിന് e-Waybill ഇല്ല. ബോംബെ, ഡൽഹി, ഗുജറാത്ത്, മഹാരാഷ്ട്ര തുടങ്ങിയ സ്ഥലങ്ങളിൽനിന്നും സ്വർണ്ണമെത്തുമ്പോൾ e-Waybill നേരത്തെവന്നാൽ ഈ വിലയേറിയ ഉൽപ്പന്നം വഴിമദ്ധ്യേ തട്ടിയെടുക്കാനോ ആക്രമിക്കപ്പെടാനോ സാഹചര്യമുണ്ടാകുമെന്ന കാരണമാണ് സ്വർണ്ണത്തിന് e-Waybill ഇല്ല എന്നതിലെ ന്യായം. സ്വർണ്ണം വിലപിടിപ്പുള്ള വസ്തുവായതിനാൽ അത് പരസ്യമായി കൊണ്ടുവരാൻ സാധിക്കില്ല. എന്നാൽ ഇക്കാര്യത്തിൽ കേരളം നിരന്തരമായി ഇടപെട്ട്, എനിക്ക് മുമ്പ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. തോമസ് ഐസക്കിന്റെ കാലത്ത് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ഞാൻ ചുമതലയേറ്റെടുത്ത ശേഷവും ആ കമ്മിറ്റി പ്രവർത്തിച്ചു. ഇപ്പോൾ e-Waybill-ന്റെ കാര്യത്തിൽ ഇന്റർസ്റ്റേറ്റ് അംഗീകരിക്കുന്നില്ല, ഇൻട്രാസ്റ്റേറ്റ് (സ്റ്റേറ്റിനകത്തുള്ളതുമാത്രം) മാത്രമേ അംഗീകരിക്കാവൂവെന്ന് നിരന്തര സമ്മർദ്ദത്തിന്റെ ഫലമായി ഇപ്പോൾ അംഗീകരിച്ചിട്ടുണ്ട്. അതുപകാരം രണ്ടു ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഒരു നിശ്ചിതമായ തുകയ്ക്ക് ഫിക്സ് ചെയ്യാം. അതിന്റെ കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. സെൻട്രൽ ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട്

ഇക്കാര്യത്തിൽ ഉത്തരവ് ഇറങ്ങാനുണ്ട്. ആ ഒരു കാര്യംകൊണ്ട് പ്രശ്നം പരിഹരിക്കപ്പെടില്ല. സ്വർണ്ണം വളരെ ചെറിയൊരു ഉൽപ്പന്നമായതുകൊണ്ട് കണ്ടുപിടിക്കാനുള്ള പ്രശ്നങ്ങളുണ്ട്. ഇതിനായുള്ള ധാരാളം ശ്രമങ്ങൾ കേരളത്തിൽ നടക്കുന്നുണ്ട്. സംസ്ഥാന ജി.എസ്.ടി. വകുപ്പ് ധാരാളം ഓപ്പറേഷനുകൾ നടത്തിയിട്ടുണ്ട്. മുപ്പതോളം സ്വർണ്ണക്കടകളിൽ ഒരുമിച്ച് ഈ അടുത്തകാലത്ത് പരിശോധന നടത്തിയിരുന്നു. വളരെ കൃത്യമായി വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. ഇതെല്ലാം സോഫ്റ്റ്‌വെയറിലാണ് ചെയ്യേണ്ടത്. അതിനാൽത്തന്നെ അക്കൗണ്ടിംഗ് വളരെ പ്രയാസമാണ്. മറ്റൊരു ഉൽപ്പന്നംപോലെ ഇവ കണ്ടെത്താൻ എളുപ്പമല്ല. ഇതിനായി വളരെ നല്ല രീതിയിൽ ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി മുപ്പതോളം കടകളിൽ റെയ്ഡുകളും പരിശോധകളും നടത്തിയതിലൂടെ വരുമാന വർദ്ധനവുണ്ടായിട്ടുണ്ട്. വാസ്തവത്തിൽ സ്വർണ്ണക്കച്ചവടത്തിൽ ബില്ല് അടിക്കുമ്പോൾ വിവരങ്ങൾ നേരിട്ട് സോഫ്റ്റ്‌വെയറിലേയ്ക്ക് വരുന്ന രീതിയിലേയ്ക്ക് പോകേണ്ടതാണ്. നികുതി കൂടുതൽ വരാനുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഡാറ്റ നോക്കുമ്പോൾ HSN നമ്പർ ഇല്ലെന്ന കാര്യങ്ങൾ നമ്മൾ ഉന്നയിക്കുന്നുണ്ട്. കേരളത്തിന്റെ നിരന്തരമായ

പ്രവർത്തനത്തിന്റെ ഫലമാണ് ഇൻട്രാസ്റ്റേറ്റിന്റെയും e-Waybill-ന്റെയും കാര്യങ്ങളിലുണ്ടായത്. ഇക്കാര്യങ്ങളിൽ ഇടപെടുകയും പരിശോധനകൾ കൃത്യമായി നടത്തുകയും ചെയ്യുന്നതിലൂടെ ധാരാളം പുരോഗതിയുണ്ടായിട്ടുണ്ട്.

ഡോ. എൻ. ജയരാജ്: സർ, I G S T വിഹിതം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്ന കാര്യത്തിൽ നിലവിലുള്ള അശാസ്ത്രീയത വളരെ കൃത്യമായി നമുക്ക് ബോധ്യപ്പെടുന്ന കാര്യമാണ്. കേരളത്തിന് I G S T വിഹിതം കൃത്യസമയത്ത് ലഭിക്കുന്നതിന് ഇപ്പോഴും പല തടസ്സങ്ങളുമുണ്ട്. അവ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സംസ്ഥാന ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, I G S T സമ്പ്രദായം നടപ്പാക്കിയതുമുതൽ ഇക്കാര്യത്തിൽ ഏറ്റവും കൂടുതൽ കാര്യങ്ങൾ ഉന്നയിക്കുന്നതും ഇടപെട്ടുകൊണ്ടിരിക്കുന്നതും സംസ്ഥാന ഗവൺമെന്റാണ്. അതിൽ ആദ്യഘട്ടത്തിൽ അൺക്ലെയ്മ്ഡായിട്ടുള്ള I G S T വിഹിതം വളരെ കൂടുതലായിരുന്നു, അത് ഡിവൈഡ് ചെയ്യുന്നൊരു പൂൾ ഉണ്ട്. എങ്ങനെയാണ് G S T വിഹിതം ലഭിക്കുന്നതെന്നതിനെക്കുറിച്ച് ഇവിടെ ഇരിക്കുന്നവർക്ക് ഇക്കാര്യം സംബന്ധിച്ച് പല പ്രാവശ്യം ചർച്ച ചെയ്തുകൊണ്ട്

അറിയാവുന്നതാണ്. മുമ്പ് കേരളത്തിൽനിന്ന് നമ്മൾ 100 രൂപയുടെ ഒരു സാധനം വാങ്ങുമ്പോൾ 10 രൂപയാണ് ടാക്സ് ലഭിക്കുന്നതെങ്കിൽ ആ 10 രൂപയും സംസ്ഥാന ഗവൺമെന്റിന് സെയിൽസ് ടാക്സായി ലഭിക്കുമായിരുന്നു. G S T നിലവിൽ വന്നതിനുശേഷം 10 രൂപയാണ് ടാക്സായി ലഭിക്കുന്നതെങ്കിൽ അതിൽ 5 രൂപ സെൻട്രൽ ഗവൺമെന്റിനും 5 രൂപ സംസ്ഥാന ഗവൺമെന്റിനുമായി ലഭിക്കും. ഇതാണ് സംസ്ഥാനത്തിനകത്തുണ്ടാകുന്ന G S T ബിൽ. കേരളത്തിന് പുറത്തു നിന്നും ഒരു സാധനം വാങ്ങിയാൽ, ലുധിയാനയിൽ നിന്നും ഒരു ഉൽപ്പന്നം കേരളത്തിലേയ്ക്ക് അയച്ചാൽ അതിന്റെ G S T-യുടെ പകുതി സെൻട്രൽ ഗവൺമെന്റിനും പകുതി കേരളത്തിനും ലഭിക്കണം, ഈ തുക ട്രാൻസ്ഫർ ചെയ്തു വരണം. പലപ്പോഴും ഇത്തരം കാര്യങ്ങളുടെ അക്കൗണ്ടിംഗ് കൃത്യമായി വരാതിരിക്കുന്നതുകൊണ്ടാണ്... ഞാൻ നേരത്തെ പറഞ്ഞ അൺക്ലെയ്മ്ഡ് പൂളിൽ കുറെ പണമുണ്ടായിരുന്നു. അതിന്റെ ശതമാനം കുറഞ്ഞുകുറഞ്ഞ് വന്നു, ഈ പണത്തിന്റെ കാര്യത്തിൽ കൃത്യത വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന സ്റ്റേറ്റുകളിൽ ഒന്നാണ് കേരളം. ആദ്യം ഇതിന് ഒരു സിസ്റ്റവുമില്ലായിരുന്നു, ഞാൻ നേരത്തെ ഇവിടെ

പറഞ്ഞ മറുപടിയിൽ കോടതികളുടെ കാര്യം പറഞ്ഞു.... G S T നടപ്പാക്കിയതിനുശേഷം ഇതുവരെ ട്രിബ്യൂണലുകൾപോലും ശരിയായി നടപ്പാക്കാൻ തുടങ്ങിയിട്ടില്ല. 5 വർഷം മുമ്പുള്ള കേസ്സുകളിലൊന്നും ഇപ്പോഴും ട്രിബ്യൂണലുകളില്ല. ഏറ്റവും അവസാനം കൂടിയ കൗൺസിലിൽ ട്രിബ്യൂണലിനെ തീരുമാനിച്ചെങ്കിലും ഒരു സ്ഥലത്തും ട്രിബ്യൂണലിനെ നിയോഗിച്ചിട്ടില്ല. കേസ്സുകളുടെ കാര്യത്തിൽ അനിശ്ചിതത്വമുണ്ട്, നികുതി സിസ്റ്റം - ഒരു പുതിയ സമ്പ്രദായമാണ്, ആ സമ്പ്രദായം വന്നപ്പോൾ നികുതി ഡിവൈഡ് ചെയ്യുന്ന കാര്യത്തിൽ പ്രശ്നമുണ്ട്. ഓരോ G S T കൗൺസിലിലും പുതിയപുതിയ കാര്യങ്ങൾ വന്നുകൊണ്ടിരിക്കുന്നതേയുള്ളൂ, ഇപ്പോഴും അത് പൂർണ്ണമായിട്ടില്ല. നമ്മുടെ സംസ്ഥാനത്തിന് ലഭിക്കാനുള്ള I G S T കൂടുതൽ കിട്ടണമെന്ന് കേരളം നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. അതിൽ ചെറിയ ഇംപ്രൂവ്മെന്റ് വന്നെങ്കിലും ഇപ്പോഴും സിസ്റ്റം ശരിയായിട്ടില്ല. നമ്മുടെ ഐ.ടി. സിസ്റ്റം മുഴുവൻ ഡെവലപ്പ് ചെയ്യുന്നതിന് ഹരിയാന ഡെപ്യൂട്ടി ചീഫ് മിനിസ്റ്റർ അദ്ധ്യക്ഷനായുള്ള ഒരു പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പൊതുവിൽ നമ്മുടെ ഐ.ടി. ഫെസിലിറ്റി ഉപയോഗിച്ച് എങ്ങനെ ഈ കാര്യങ്ങൾ

കാര്യക്ഷമമാക്കാമെന്നതാണ് പരിശോധിച്ചുകൊണ്ടിരിക്കുന്നത്. ആമസോൺ, ഫ്ലിപ്പ് കാർട്ട് എന്നിവ പോലെയുള്ള കമ്പനികൾ ഓൺലൈനായി നൽകുന്ന സാധനങ്ങൾ പലപ്പോഴും റഡാറിൽ വരില്ല. ചെറുകിട കച്ചവടക്കാരെയും ഇത് ബാധിക്കുന്നുണ്ട്, കാരണം ടാക്സ് ഉണ്ടോ ഇല്ലയോ എന്നുള്ളത് അവർ അറിയുന്നില്ല. വ്യാപാര രംഗത്ത് G S T വന്നതിനുശേഷം ഉണ്ടായിട്ടുള്ള ധാരാളം പ്രശ്നങ്ങളുണ്ട്. I G S T-യുടെ കാര്യത്തിൽ കുറെയേറെ നമുക്ക് എത്താൻ സാധിച്ചെങ്കിലും ഇനിയും I G S T കറക്ട് ചെയ്യാനുണ്ട്. കോയമ്പത്തൂരിൽ നിന്നും അതായത് മറ്റൊരു സ്ഥലത്തുനിന്നും സാധനങ്ങൾ വാങ്ങിയാലും കേരള അഡ്രസ്സാണെങ്കിൽ അതുൾപ്പെടെയുള്ള തുക ഇവിടെ വരണമെന്നതാണ് നിയമം, ഒരു വ്യക്തിയാണ് സാധനം വാങ്ങുന്നതെങ്കിൽപ്പോലും നിയമം ശക്തമാക്കാൻ പറഞ്ഞിട്ടുണ്ട്. പക്ഷേ ഇക്കാര്യങ്ങളിലും ചില പരിമിതികളുണ്ട്. എന്നാൽ ഇക്കാര്യങ്ങളിൽ ആദ്യത്തേതിൽനിന്നും കുറച്ച് വ്യത്യാസം വന്നുവെന്നേയുള്ളൂ, കാരണം അൺക്ലെയിംഡിന്റെ ഭാഗം കുറഞ്ഞിട്ടുണ്ട്. കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് I G S T എത്രയാണെന്ന് കൃത്യമായി അറിയാൻ

സാധിക്കുന്നില്ല. I G S T-യുടെ കാര്യത്തിൽ സ്റ്റേറ്റുകൾക്ക് എത്ര രൂപ നഷ്ടം വരുന്നുവെന്നറിയാനുള്ള കണക്കുകളില്ലാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നുണ്ട്. ഇക്കാര്യം സംബന്ധിച്ച നിയമങ്ങളും അവകാശങ്ങളുമെല്ലാം കേന്ദ്രത്തിന്റെ കയ്യിലാണ്. G S T സമ്പ്രദായം നിലവിൽ വരുന്ന സമയത്തുതന്നെ ഞങ്ങൾ പറഞ്ഞ അപ്രിഹൻഷനാണ്. അന്ന് G S T നല്ലതാണെന്ന് പറഞ്ഞ പല സ്റ്റേറ്റുകളും ഇപ്പോൾ അതിനെതിരെ പറയുന്നുണ്ട്. ഇപ്പോഴും ഇക്കാര്യത്തിൽ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. എന്നാൽ ഓരോ മീറ്റിംഗ് കഴിയുമ്പോഴും പഴയതിനേക്കാളും കൂടുതൽ ഇംപ്രൂവ് ചെയ്തുവരുന്നുണ്ട്. I G S T പ്രശ്നം കൂടുതൽ ശക്തമായി ഉന്നയിക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ ഇ-വേ ബിൽ മാത്രമല്ല, കുറച്ചുകൂടി ഡയറക്റ്റായി ഈ കാര്യങ്ങൾക്ക് വ്യക്തമായ കണക്കുണ്ടാകുന്ന തരത്തിലുള്ള സംഗതികളാണ് വരേണ്ടത്, മുഴുവൻ ആക്ടിവിറ്റീസും സോഫ്റ്റ്‌വെയറിലാക്കി വ്യക്തമായ കണക്കുണ്ടാക്കണമെന്ന തരത്തിലുള്ള ചർച്ചകളാണുണ്ടാകേണ്ടത്.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, കേന്ദ്ര സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങൾമൂലം സംസ്ഥാനത്തിന് അർഹതപ്പെട്ട റവന്യൂ കമ്മി

ഗ്രാന്റ്, ജി.എസ്.ടി. നഷ്ടപരിഹാരം എന്നിവ നിഷേധിക്കുന്നതുമൂലമുള്ള കുറവ് നികത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നമുക്ക് അക്കാര്യത്തിൽ വലിയ കുറവാണുണ്ടായിട്ടുള്ളത്, അതാണ് കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. റവന്യൂ കമ്മി ഗ്രാന്റും കോമ്പൻസേഷനും അവർ ഏകപക്ഷീയമായി നിർത്തി, അതിന് യാതൊരു ന്യായീകരണവുമില്ല. ന്യായീകരണമുണ്ടെന്ന് വാദിക്കുന്നവർ നമ്മുടെ സഭയിൽത്തന്നെയുണ്ട്. അത് നിർത്തേണ്ടതാണെന്ന് പറയുന്നവരുമുണ്ട്. ജി.എസ്.ടി. നടപ്പാക്കിയതിനുശേഷമുള്ള ആദ്യത്തെ രണ്ടുവർഷക്കാലം കോവിഡുകാരണമുള്ള വലിയ പ്രതിസന്ധിയുണ്ടായിട്ടുണ്ട്. ഇന്ത്യയിലാകമാനമുള്ള വ്യാപാരം തകർന്നു പോകുന്നതരത്തിലേയ്ക്ക് കോവിഡ് പോലുള്ള മഹാമാരിയും കേരളത്തിൽ പ്രളയവുമുണ്ടായി. ഇന്ത്യയിലാകെയുള്ള വാണിജ്യരംഗത്തിന്റെ വളർച്ചയെ ഇതൊക്കെ ബാധിച്ചിട്ടുണ്ട്. കൂടാതെ ഏകപക്ഷീയമായി നികുതി നിരക്ക് കുറച്ചതും സംസ്ഥാനങ്ങളെ ബാധിച്ചു. നേരത്തെ 16 ശതമാനം നികുതിയുണ്ടായിരുന്നത് 11 ശതമാനമായി ചുരുക്കി,

അതിന്റെ ഗുണം കസ്റ്റമർക്ക് ലഭിച്ചിട്ടില്ല വലിയ കമ്പനികൾക്കാണ് ലഭിച്ചതെന്നതിന്റെ ശാസ്ത്രീയ പഠനം വന്നിട്ടുണ്ട്. എല്ലാ സംസ്ഥാനങ്ങളേയും നികുതി കുറവും ഗ്രാന്റിന്റെ കുറവും ഏകപക്ഷീയമായി ബാധിച്ചിട്ടുണ്ട്. സാമ്പത്തിക രംഗത്തുണ്ടാകുന്ന ഓരോ പ്രശ്നങ്ങളും നമ്മളെ ബാധിക്കുന്നുണ്ട്. അതിനെ നേരിടാൻ ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലേയ്ക്കുള്ള പ്രവർത്തനങ്ങൾ നമുക്ക് നടത്താൻ സാധിച്ചിട്ടുണ്ട്. ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിന് കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ നികുതിശേഖരണം നടത്താൻ നമുക്ക് സാധിച്ചു. നികുതി വർദ്ധിപ്പിച്ചിട്ടില്ലെന്ന് ഞാൻ അടിവരയിട്ട് പറയുകയാണ്. നികുതി വർദ്ധിപ്പിക്കാൻ നമുക്ക് അവകാശമില്ല. ജി.എസ്.ടി. കൗൺസിലിനു മാത്രമേ നികുതി തീരുമാനിക്കാൻ സാധിക്കുകയുള്ളൂ. ആ നികുതി അവിടെ തീരുമാനിച്ചതാണ്. രണ്ട് വർഷംകൊണ്ട് ഏകദേശം 24000 കോടി രൂപയാണ് നികുതി ഇനത്തിൽ വർദ്ധിപ്പിച്ചത്. അതുകൊണ്ടാണ് നമുക്ക് നമ്മുടെ ചെലവുകൾ ചുരുക്കാതെയും കുറയ്ക്കാതെയും മുന്നോട്ടുപോകാൻ സാധിക്കുന്നത്.

ശ്രീ. പ്രമോദ് നാരായണൻ: സർ, സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ പുന:സംഘടന പ്രാബല്യത്തിൽ വന്നതിനുശേഷം കേരളത്തിലെ ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. ചെക്ക് പോസ്റ്റുകളുടെ അഭാവം പരിഗണിച്ചുകൊണ്ട് വാഹനങ്ങളിൽ വരുന്ന ചരക്കുകളുടെ നിജസ്ഥിതി മനസ്സിലാക്കുന്നതിനും ഇ-വേ ബിൽ തട്ടിപ്പ് പരിഹരിക്കുന്നതിനും എ.ഐ. ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യകളുടെ സാധ്യത സർക്കാർ പരിഗണിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇപ്പോൾത്തന്നെ സംസ്ഥാന അതിർത്തികളിൽ വാഹനങ്ങളുടെ നമ്പർ പ്ലേറ്റ് നോക്കി ഇ-വേ ബിൽ അസസ്സ് ചെയ്യാവുന്ന എ.ഐ. ടെക്നോളജിയുടെ പ്രാഥമിക രൂപമെന്ന തരത്തിലുള്ള സംവിധാനമുണ്ട്. അതൊക്കെ വന്നാലും തട്ടിപ്പ് തുടരുന്നവർ അത് തുടർന്നുകൊണ്ടേ ഇരിക്കും. തട്ടിപ്പ് ഒരിക്കലും ഇല്ലാതാകുമെന്ന് നമ്മൾ ധരിക്കരുത്. ജി.എസ്.ടി. പ്രാവർത്തികമായാൽ പിന്നെ കാര്യങ്ങളെല്ലാം കംപ്യൂട്ടർ വഴിയാണ്, എല്ലാം സിസ്റ്റം അനുസരിച്ചാണെന്നാണ് ആദ്യം വിചാരിച്ചത്. സിസ്റ്റം അനുസരിച്ച് ഏത് വന്നാലും തട്ടിപ്പുണ്ടാകും, അളവ് 100

ചാക്കാണെങ്കിൽ അതിനകത്തുള്ള സാധനത്തിന്റെ ക്വാണ്ടിറ്റിയിൽ വ്യത്യാസം വന്നാൽ അറിയാൻ സാധിക്കുകയില്ല. അപ്പോൾ കുറച്ചുകൂടി ഫിസിക്കലായ പരിശോധന വേണ്ടിവരും, പലതരത്തിലുള്ള നിരന്തരമായ പരിശോധനകൾ വേണം, എപ്പോഴും തട്ടിപ്പിന്റെ സാധ്യത കൂടുതലുണ്ട്. എ.ഐ. ടെക്നോളജിയടക്കമുള്ള ഏറ്റവും പുതിയ ടെക്നോളജി ഉപയോഗിച്ചുകൊണ്ട് എപ്പോഴും നമ്മൾ ആധുനികവൽക്കരണം നടത്തിക്കൊണ്ടിരിക്കണം, ആ കാഴ്ചപ്പാടോടുകൂടി നമുക്ക് പ്രവർത്തിക്കാം, ആവശ്യമായ എല്ലാ ടിപ്പുകളും വിവരങ്ങളും ഉപയോഗിച്ചുതന്നെയാണ് വകുപ്പ് പ്രവർത്തിക്കുന്നത്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര ധനകാര്യ വിഹിതം 10-ാം ധനകാര്യകമ്മീഷന്റെ കാലത്ത് 3.9 ശതമാനം ആയിരുന്നു. പിന്നീട് അത് പടിപടിയായി കുറഞ്ഞ് 15-ാം ധനകാര്യകമ്മീഷന്റെ കാലമായപ്പോൾ 1.92 ആയി കുറഞ്ഞു. 16-ാം ധനകാര്യകമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് ഇപ്പോൾ തുടക്കം കുറിച്ചിരിക്കുകയാണ്. ഈ സന്ദർഭത്തിൽ ധനകാര്യകമ്മീഷൻ വിഹിതം

വർദ്ധിപ്പിച്ച കിട്ടുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഭരണഘടനാപരമായി നിശ്ചയിക്കപ്പെടുന്ന ഒന്നാണ് ധനകാര്യകമ്മീഷൻ. ആ ധനകാര്യകമ്മീഷനെ നിയമിച്ചതിനെത്തുടർന്നുണ്ടായ പല കാര്യങ്ങളും ഇപ്പോൾ പബ്ലിക്കിനിടയിൽ വലിയ തോതിൽ ചർച്ചയാണ്. കഴിഞ്ഞ ദിവസം വളരെ ശ്രദ്ധേയമായ ഒരു ട്വീറ്റ്, കർണാടക ചീഫ് മിനിസ്റ്ററുടെ ട്വീറ്റാണ് ട്വിറ്ററിൽ കണ്ടത്. മറ്റു പല ചീഫ് മിനിസ്റ്ററും പിന്നീട് അതുപോലെ ട്വീറ്റ് ചെയ്തു. കാരണം തൊട്ടുമുമ്പുള്ള ധനകാര്യകമ്മീഷൻ നിശ്ചയിച്ച സമയത്ത് കേന്ദ്ര ഗവൺമെന്റ് കളക്ട് ചെയ്യുന്ന നികുതിയിൽ നിന്നും 42 ശതമാനം താഴോട്ടുകൊടുക്കുന്നത് കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പി.എം.ഒ.-യിൽ നിന്നുമാണെന്ന് പറഞ്ഞ് അന്നത്തെ ധനകാര്യകമ്മീഷന്റെ ചെയർമാനെ വിളിച്ച് സംസാരിച്ചു. ഇപ്പോൾ നീതി ആയോഗിന്റെ സി.ഇ.ഒ. ആയി ചുമതല വഹിക്കുന്ന ഒരു ഉയർന്ന വ്യക്തിയാണ് ആ കാര്യം പറഞ്ഞത്, അത് വലിയ ചർച്ചയായി വരികയും ചെയ്തു. ബഹുമാനപ്പെട്ട കർണ്ണാടക മുഖ്യമന്ത്രിതന്നെ ഇക്കാര്യം സംബന്ധിച്ച്

അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞു. അദ്ദേഹം മാത്രമല്ല മറ്റ് പല സംസ്ഥാനങ്ങളിലെയും മുഖ്യമാരുടെ അഭിപ്രായം വന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തിന് അർഹമായ പണം വെട്ടിക്കുറയ്ക്കാനുള്ള ശ്രമമാണ് അവർ നടത്തുന്നത്. കഴിഞ്ഞ ധനകാര്യകമ്മീഷൻ വന്നപ്പോൾ നികുതിയുടെ കാര്യത്തിൽ മാത്രമല്ല, ദൂരവ്യാപകമായി പാർലമെന്ററി സിസ്റ്റത്തിനകത്തെ റെപ്രസെന്റേഷനെപ്പോലും ബാധിക്കുന്ന തരത്തിലേയ്ക്ക്, വഴി തുറക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ പോയി. നികുതി വിതരണത്തിന് 1971-ലെ ജനസംഖ്യയായിരുന്നു അടിസ്ഥാനമെങ്കിൽ, 2011-ലെ ജനസംഖ്യയെടുത്ത് അതിന്റെയടിസ്ഥാനത്തിലാണ് കഴിഞ്ഞ നികുതി വിതരണം നടത്തിയത്. 1971-ലെ ജനസംഖ്യാ നിയന്ത്രണത്തിന്റെ കണ്ടീഷൻ അംഗീകരിച്ചതനുസരിച്ച് എല്ലാ തരത്തിലുള്ള കാര്യങ്ങളും വരുമെന്ന് വിശ്വസിച്ച സംസ്ഥാനങ്ങളുണ്ട്. കേരളമടക്കമുള്ള സ്റ്റേറ്റുകളിലെ ഇപ്പോഴത്തെ ജനസംഖ്യ ഭാഗിച്ച് ആകെ പാർലമെന്റ് സീറ്റുകളെ കണക്കുകൂട്ടിയാൽ 20 എന്നുള്ളത് പന്ത്രണ്ടോപതിമൂന്നോ ആയി ചുരുങ്ങാം. അത്തരം ദൂരവ്യാപകമായ കാര്യങ്ങൾകൂടി വരാവുന്ന തരത്തിലേയ്ക്ക് ബേസിനെ എടുത്തുവെന്ന ഒരു

പ്രശ്നമുണ്ട്. അത് കേരളത്തിലെ പ്രതിപക്ഷമുൾപ്പെടെയുള്ളവർ ധനകാര്യകമ്മീഷനിൽ വിമർശിച്ചിട്ടുള്ളതാണ്. ആ ധനകാര്യകമ്മീഷൻ കൊണ്ടുവന്ന പല ക്രൈറ്റീരിയയും കേരളത്തിന് എതിരായി വരുന്നതാണ്. കേരളത്തിലെ ആളോഹരി വരുമാനം വളരെ ഉയർന്നതാണ്, നല്ല വരുമാനവും ജീവിത സാഹചര്യങ്ങളുമുണ്ട്, സ്കൂളുകളും ആശുപത്രികളുമുണ്ട്, അതുകൊണ്ട് കൂടുതൽ പണം വേണ്ടെന്ന തരത്തിലേയ്ക്ക് വന്നു. കേരളത്തിന്റെ സവിശേഷ പ്രശ്നങ്ങളൊന്നും അവർ വിലയിരുത്തിയിട്ടില്ല. കേരളത്തിൽ പ്രായമേറിയവരുടെ ജനസംഖ്യ വർദ്ധിച്ചുവരുന്നു, ജെറിയാട്രിക് ഡിസീസുമുണ്ട്. കേരളത്തിലെ മിനിമം കൂലി ഇന്ത്യയുടെ ശരാശരി കൂലിയേക്കാൾ മൂന്നിരട്ടിയാണ്. ഇവിടെയൊരു നിർമ്മാണത്തിന് പണം കൂടുതൽ വേണം, ഇവിടെ സ്ഥലം വാങ്ങാൻ പണം കൂടുതൽ വേണം, ഇവിടെ എല്ലാ കാര്യത്തിനും ചെലവ് കൂടുതലാണ്. കേരളത്തിൽ വികസനമുണ്ടെന്ന് പറഞ്ഞാൽ ബീഹാറിലോ മദ്ധ്യപ്രദേശിലോ കൊടുക്കുന്ന ഒരു സെന്റ് ഭൂമി വിലയുടെ മൂന്നിരട്ടി കൊടുത്താലും ഇവിടെ സ്ഥലം ലഭിക്കുകയില്ല. അവിടത്തെ ഒരു തൊഴിലാളിക്ക് കൊടുക്കുന്ന കൂലിയുടെ മൂന്നിരട്ടി കൊടുത്താലും ഇവിടെ

തൊഴിലാളികളെ ലഭിക്കുകയില്ല. ഇങ്ങനെയുള്ള കാര്യങ്ങൾ പരിഗണിക്കാത്തതുകൊണ്ടാണ് ധനകാര്യകമ്മീഷന്റെ ഭാഗത്തുനിന്നും ഇത്രയും ഗുണകരമല്ലാത്ത കാര്യങ്ങൾ വന്നത്. ധനകാര്യകമ്മീഷന്റെയും കടമെടുപ്പു പരിധിയുടേയും കാര്യങ്ങൾ പറഞ്ഞുകൊണ്ട് ബഹു. സുപ്രീംകോടതിയിലേയ്ക്കുൾപ്പെടെ ഈ കാര്യങ്ങൾ ഉന്നയിച്ച് നമുക്ക് പോകേണ്ടി വന്നത് ഇതിന്റെ ഭാഗമാണ്. സുപ്രീം കോടതിയിൽ പോയാൽ മാത്രം പോരാ, നമ്മൾ ആക്ടീവായി കേരളത്തിനുവേണ്ടി കാര്യങ്ങൾ പറയണം. അതിനാണ് 8-ാം തീയതി ഡൽഹിയിൽ വലിയൊരു പ്രക്ഷോഭത്തിന്റെ ഭാഗമായി പോകണമെന്ന് എല്ലാപേരോടും നമ്മൾ റിക്വസ്റ്റ് ചെയ്തത്. ഇത്തരം കാര്യങ്ങൾ നിങ്ങൾക്ക് മനസ്സിലായിട്ടില്ലെന്ന് തോന്നുന്നു. പ്രക്ഷോഭം ആണെങ്കിൽ വരുന്നില്ല, സമ്മേളനം ആണെങ്കിൽ വരുമെന്നാണോ പറയുന്നത്; എന്താണ് കാര്യം? എന്തായാലും അത് പ്രക്ഷോഭമാണ്, ഇന്ത്യാ ഗവൺമെന്റിന്റെ നിലപാടിനെതിരെ അതിശക്തമായ സമരം നടത്താനായി അവിടേയ്ക്ക് പോകുന്നു. പേരിന്റെ കാര്യത്തിലാണ് കോൺഗ്രസ്സ് നേതാക്കന്മാർക്ക്

സംശയമെങ്കിൽ അക്കാര്യത്തിൽ നമുക്ക് ഒരുമിച്ചുചേർന്ന് ആലോചിച്ച് തീരുമാനമെടുക്കാം.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ജി.എസ്.ടി. നിയമം വന്നതോടുകൂടി അതിർത്തിയിൽ നേരത്തെയുണ്ടായിരുന്ന ചെക്ക്പോസ്റ്റുകൾ അടഞ്ഞുകിടക്കുകയാണ്. ഇതുവഴി അധികൃതവും അനധികൃതവുമായി ധാരാളം ചരക്കുകൾ വരികയും ഈയിനത്തിൽ വളരെയധികം നികുതി ചോർച്ച സംഭവിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ സംഭവിക്കുന്ന നികുതി ചോർച്ച തടയുന്നതിന് ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; പ്രസ്തുത നടപടികളുടെ ഫലപ്രാപ്തി സംബന്ധിച്ച പരിശോധന നടത്തപ്പെടുന്നുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നികുതി പിരിവ് e-way Bill സംവിധാനത്തിലേയ്ക്ക് മാറ്റപ്പെട്ടുകഴിഞ്ഞതിനാൽ ചെക്ക് പോസ്റ്റുകളിൽ പഴയരീതിയിൽ വാഹനങ്ങൾ തടഞ്ഞുള്ള പരിശോധന വളരെയധികം കുറവാണ്. ഒരു വാഹനം അതിർത്തി കടന്നുവരുമ്പോൾ വാഹന നമ്പർ മനസ്സിലാക്കിയാൽ പ്രസ്തുത വാഹനത്തിലുള്ള ഉൽപ്പന്നം എന്താണെന്നും

എത്രമണിക്ക് ലോഡ് ചെയ്തെന്നും അത് എവിടേയ്ക്കാണ് കൊണ്ടുപോകുന്നതെന്നുമുൾപ്പെടെയുള്ള കാര്യങ്ങൾ ഇപ്പോഴത്തെ സംവിധാനത്തിൽ അറിയാൻ സാധിക്കുമെങ്കിലും തട്ടിപ്പ് ഇപ്പോഴും നടക്കുന്നുണ്ട്. ഇത് പൂർണ്ണമായും അവസാനിപ്പിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ നികുതി തട്ടിപ്പിനെതിരെയുള്ള നടപടികൾ ഊർജ്ജിതപ്പെടുത്താനായി ക്യാമറാ സംവിധാനമുൾപ്പെടെയുള്ള കാര്യങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് ഫിസിക്കൽ വെരിഫിക്കേഷൻ കൂടുതലായി നടത്തേണ്ടതാണെന്നാണ് അനുഭവത്തിൽനിന്നും മനസ്സിലാകുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, One Nation One Tax എന്ന ആശയം നമ്മുടെ പ്രധാനമന്ത്രി ഒരു രാത്രിയിൽ വിളിച്ചുകൂട്ടിയ സമ്മേളനത്തിൽവച്ച് പ്രഖ്യാപിച്ചതും യാതൊരുവിധ ഗൃഹപാഠവും അവധാനതയുമില്ലാതെ നടപ്പാക്കിയതുമാണ്. അന്നുതന്നെ ഞങ്ങൾ എല്ലാവരും വളരെ ശക്തമായി ഇതിനെ എതിർത്തതുമാണ്. പ്രസ്തുത ആശയം നല്ലതാണെങ്കിലും ഒരു മുന്നൊരുക്കവുമില്ലാതെ നടപ്പാക്കിയതിന്റെ പ്രയാസം രാജ്യത്തൊട്ടാകെ ഇപ്പോഴും തുടരുകയാണ്. മാത്രമല്ല, കേരളത്തെ സംബന്ധിച്ച് VAT-ൽനിന്നും

GST-യിലേയ്ക്ക് മാറാൻ സമയമുണ്ടായിട്ടും കഴിഞ്ഞ ആറ് വർഷമായിട്ടും ഒരു വിധത്തിലുള്ള മുന്നൊരുക്കവും സംസ്ഥാനം നടത്തിയില്ല. തത്ഫലമായി അർഹതപ്പെട്ട നികുതി വരുമാനം സംസ്ഥാനത്തിന് ലഭ്യമാകുന്നില്ല, എന്നാൽ അതനുസരിച്ച് നമ്മുടെ ചെലവ് കുറയുന്നുമില്ല. നികുതി പിരിവ് കാര്യക്ഷമമാക്കുകയും അനാവശ്യ ചെലവുകൾ നിയന്ത്രിക്കുകയും ചെയ്താൽ മാത്രമേ ഒരു ഗവൺമെന്റിന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഇവിടെ സംഭവിക്കുന്നത് എന്താണ്? VAT-ൽനിന്നും GST-യിലേയ്ക്ക് മാറുന്ന സാഹചര്യത്തിൽ ആവശ്യമായ മുന്നൊരുക്കം നടത്താത്തതിനാൽ നികുതി പൂർണ്ണമായും പിരിച്ചെടുക്കാൻ സാധിക്കാതിരിക്കുകയും അനാവശ്യ ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. കേന്ദ്രഗവൺമെന്റിനെതിരെ സമരം നടത്തുമെന്ന് നിങ്ങൾ പ്രഖ്യാപിച്ചിട്ട് അതിപ്പോൾ സമ്മേളനമാക്കി മാറ്റിയിരിക്കുകയാണ്. സായിപ്പിനെ കണ്ടപ്പോൾ കവാത്ത് മറന്നതുപോലെയുള്ള സ്ഥിതിയാണ്. ഇ.ഡി. വന്നുവെന്ന് കേട്ടപ്പോൾത്തന്നെ സമരം സമ്മേളനമാക്കി മാറ്റിക്കൊണ്ട് ആളുകളുടെ കണ്ണിൽ പൊടിയിടാൻ ശ്രമിക്കുകയാണ്.

മി. സ്പീക്കർ: ചോദ്യത്തിലേയ്ക്ക് വരൂ..

ശ്രീ. രമേശ് ചെന്നിത്തല: സർ, ധനകാര്യ മാനേജ്മെന്റിലുണ്ടായിട്ടുള്ള പിഴവും അനാവശ്യ ധൂർത്തും കേരളത്തെ വൻതോതിലുള്ള കടക്കെണിയിലേയ്ക്ക് എത്തിച്ചുവെന്ന ഞങ്ങളുടെ പ്രധാനപ്പെട്ട ആരോപണം അങ്ങേയ്ക്ക് നിഷേധിക്കാൻ സാധിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, VAT സമ്പ്രദായത്തിൽനിന്നും GST-യിലേയ്ക്ക് വന്നപ്പോൾ ഞങ്ങളെല്ലാം ഇത്തരത്തിലുള്ള ആശങ്കകൾ ഉന്നയിച്ചതാണ്. GST സമ്പ്രദായം കൊണ്ടുവരുന്നതിന് ശക്തമായി അനുകൂലിച്ചത് ആരാണ്? അങ്ങയുടെ പാർട്ടിയുടെ അഖിലേന്ത്യാ തലത്തിലുള്ള ഗവൺമെന്റിന്റെ സൃഷ്ടിയാണ്, ഇത് നിങ്ങളുടെ കുഞ്ഞാണ്, ആ ഗവൺമെന്റിന്റെ ഭരണകാലത്ത് തുടക്കമിട്ടതാണ്. ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ ധനകാര്യ അവസ്ഥ വളരെയധികം പരിതാപകരമാണെന്ന് അന്നത്തെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി, ശ്രീ. പി. ചിദംബരം ഉൾപ്പെടെയുള്ളവർ കഴിഞ്ഞയാഴ്ച ചെന്നൈയിൽ വച്ചുനടന്ന ഒരു സെമിനാറിൽ പറഞ്ഞിരുന്നു. മൊത്തം റവന്യൂ റസീപ്റ്റിൽ കേന്ദ്രത്തിൽനിന്നും കേരളത്തിന് ലഭ്യമാകുന്നത് 29 ശതമാനം മാത്രമാണ്, ബാക്കിവരുന്ന 71 ശതമാനം സംസ്ഥാനം തനതായി

കണ്ടെത്തേണ്ടതാണ്. നേരത്തെ ഈ അനുപാതം 46 ശതമാനമായിരുന്നു. 70 ശതമാനംവരെ ലഭ്യമാകുന്ന സംസ്ഥാനങ്ങളും ഇന്ത്യയിലുണ്ട്. നികുതി വിഹിതം ഇത്രയും കുറച്ച് ലഭ്യമായാൽ ഒരു സംസ്ഥാനത്തിന് എങ്ങനെ മുമ്പോട്ടുപോകാൻ കഴിയുമെന്ന ആശങ്ക ശ്രീ. പി. ചിദംബരംതന്നെ പരസ്യമായി അവിടെ ഉന്നയിച്ചതാണ്. അദ്ദേഹത്തിന് ഇപ്പോൾ ഈ കാര്യങ്ങളെല്ലാം മനസ്സിലാകുന്നുണ്ട്. എന്നാൽ ഈ സംവിധാനത്തിന് തുടക്കമിടുമ്പോഴേ ഞങ്ങളെല്ലാം ഇത്തരത്തിലുള്ള ആശങ്ക പങ്കുവച്ചതാണ്. ...

ശ്രീ. രമേശ് ചെന്നിത്തല: സർ...

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി തുടരൂ..

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇന്ത്യൻ പാർലമെന്റിൽ പാസ്സാക്കിയ GST നിയമത്തെയും GST കൗൺസിലിനെയും സംബന്ധിച്ച് രാജ്യസഭയുടെ സെലക്ട് കമ്മിറ്റിയിൽ വിയോജിപ്പ് രേഖപ്പെടുത്തിയത് ഞാനും സഃ ഡി. രാജയും മാത്രമാണ്. ആ പേപ്പർ ആവശ്യമെങ്കിൽ നിങ്ങൾക്ക് തരാം.

ശ്രീ. രമേശ് ചെന്നിത്തല: സർ... ഡോ. തോമസ് ഐസക് ഇതിനെ അനുകൂലിച്ചിരുന്നു...(മൈക്ക് ഓഫ്).

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, GST സംവിധാനം വളരെ കൃത്യമായി നടപ്പാക്കുകയാണെങ്കിൽ സംസ്ഥാനത്തിന് നികുതി വരുമാനം വർദ്ധിക്കാമെന്ന സാങ്കേതികമായ കാര്യം ഞങ്ങൾ ഇതുസംബന്ധിച്ച ചർച്ചകളിൽ പറഞ്ഞിട്ടുണ്ടാകും. പക്ഷേ ഒരിക്കലും കേന്ദ്രത്തിലെ ഒരു ഭരണകൂടവും അവരുടെ കൈവശമുള്ള അവകാശങ്ങളൊന്നും സംസ്ഥാനങ്ങൾക്ക് വിട്ടുകൊടുക്കില്ലെന്ന സാമാന്യ യുക്തിയനുസരിച്ച് ഞങ്ങൾ സെലക്ട് കമ്മിറ്റിയിൽ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. അന്ന് വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുള്ളത് രണ്ടോ, മൂന്നോ പാർട്ടികൾ മാത്രമാണ്. അനുകൂലമായി വോട്ടുചെയ്തത് കോൺഗ്രസ്സും ബി.ജെ.പിയും ഒരുമിച്ചായിരുന്നു. ഞങ്ങളുടെ കുഞ്ഞാണെന്ന് പറഞ്ഞുകൊണ്ട് കോൺഗ്രസ് കൂടുതൽ കൂടുതൽ പ്രോത്സാഹിപ്പിക്കുകയായിരുന്നു. ഈ നിയമം പാസ്സാക്കിയപ്പോൾ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി അരുൺ ജെയ്റ്റ്ലി ആയിരുന്നു. അത്തരത്തിൽ പാസ്സാക്കിയ ഒരു ബില്ലിനെ അന്ന് ന്യായീകരിച്ചത് ആരാണ്? ഞങ്ങൾ ഒരിക്കലും ന്യായീകരിച്ചിട്ടില്ല. സെമിനാറിലും ചർച്ചകളിലും ഇതുസംബന്ധിച്ച് പറഞ്ഞിട്ടുണ്ടാകാമെങ്കിലും പാർലമെന്റിലെ രേഖകളിൽ കാണുന്നത്

വിയോജിപ്പാണ്, പ്രസ്തുത രേഖ ഞാൻ അടുത്ത ദിവസം ഹാജരാക്കാം. " The Finance ministers have come to the Centre with begging bowls" എന്നതായിരുന്നു വിയോജനക്കുറിപ്പിലെ അവസാന വാചകം. State Government have to come to the Centre with begging bowls, പിച്ചച്ചട്ടിയുമായി കേന്ദ്രത്തിലേയ്ക്ക് പോകണമെന്ന് പറഞ്ഞത് ഇപ്പോൾ ശരിയായല്ലോ. GST നിയമം കൊണ്ടുവന്ന കാലത്തേക്കാൾ ഇപ്പോൾ ആശങ്ക കൂടുതലാണ്, ഓരോന്നും നമ്മളിൽനിന്നും പിടിച്ചുകൊണ്ടുപോകുകയാണ്. അതിനെതിരെ ഡൽഹിയിൽ നടക്കാൻ പോകുന്നത് സമരമാണെന്ന കാര്യത്തിൽ അങ്ങേയ്ക്ക് സംശയമുണ്ടോ? സമര പരിപാടിയുടെ ഉദ്ഘാടനത്തിന്റെ ഭാഗമായി പലതരത്തിലുള്ള രാഷ്ട്രീയ നേതൃത്വത്തിലെയും വളരെ പ്രധാനപ്പെട്ട വ്യക്തിത്വങ്ങൾ അവിടെ വരും. ഞങ്ങൾ എല്ലാവരെയും ക്ഷണിച്ചിട്ടുണ്ട്. അവർ അവിടെ വന്ന് അഭിവാദ്യം ചെയ്ത് സംസാരിക്കും. ഒരു ഉദ്ഘാടന സമ്മേളനത്തിന്റെ രീതി അങ്ങനെയാണ്. ഇത് ഫെഡറലിസത്തിന്റെ പ്രശ്നമാണ്. ഇന്ത്യയിലെ മിക്കവാറും സംസ്ഥാനങ്ങൾ മാനസികമായി അനുകൂലിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ച യോഗത്തിൽ

അവരുടെ സാന്നിദ്ധ്യമുണ്ടാകും. അതുകഴിഞ്ഞ് നമ്മുടെ ആളുകൾ അവിടെ സമരമിരിക്കും. ചർച്ചകളുടെ അടിസ്ഥാനത്തിലും ജനങ്ങളിൽ നിന്നുള്ള സമ്മർദ്ദത്തെ മനസ്സിലാക്കിയും യു.ഡി.എഫ്. കൂടി ഈ പരിപാടിയിൽ പങ്കെടുക്കുമെന്നാണ് ഞാൻ ഇപ്പോഴും പ്രതീക്ഷിക്കുന്നത്. ഞങ്ങൾ സമരംതന്നെയാണ് നടത്തുന്നത്, അതിനായി ബഹു. സുപ്രീംകോടതിയിൽ കേസിന് പോകുകയും സമരം നടത്തുന്നതിൽ ഉറച്ചുനിൽക്കുകയും ചെയ്യുന്നത് ആ കാര്യത്തിൽ ഞങ്ങൾക്ക് ഉറച്ച ബോധ്യമുള്ളതുകൊണ്ടും അതിനുവേണ്ടി പൊരുതാനുള്ള മനസ്സുള്ളതുകൊണ്ടുമാണ്. അല്ലാതെ അവിടെ ഞങ്ങൾ കീഴടങ്ങി പോകുകയല്ല ചെയ്യുന്നത്.

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

2 (*32) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വിവിധ മേഖലകളിലായി വിതരണം ചെയ്യേണ്ട ആനുകൂല്യങ്ങൾ നൽകുന്നതിനായി വേണ്ടി വരുന്ന തുക കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്ത വകയിൽ കൊടുക്കാനുള്ള തുക എന്നത്തേയ്ക്ക് നൽകാൻ കഴിയും; വിശദമാക്കാമോ;

(ഡി) കോൺട്രാക്ടർമാർക്ക് കുടിശിക നൽകാത്തതിനാൽ മരാമത്ത് പണികൾ സ്തംഭിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യം പരിഗണിച്ച് തുക എത്രയും വേഗം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, (എ) കഴിഞ്ഞ കുറച്ച് കാലങ്ങളായി സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ച് പോരുന്നുണ്ട് എന്നതൊരു വസ്തുതയാണ്. പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ്

പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത് എന്നീ കാരണങ്ങളാണ് മേൽ പ്രതിപാദിച്ച സാമ്പത്തിക ഞെരുക്കത്തിന് പ്രധാനമായും കാരണമായത്.

കേന്ദ്ര സർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും സർക്കാർ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചത് സ്ഥിതി കൂടുതൽ വഷളാക്കി. അതേസമയം കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 8425 കോടി രൂപയുടെയും ചരക്ക് സേവന നികുതി നടപ്പിലാക്കിയതുമൂലം ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം നിർത്തലാക്കിയതോടുകൂടി ഈ ഇനത്തിൽ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 7246 കോടി രൂപയുടെയും കുറവുണ്ടായിട്ടുണ്ട്.

കേന്ദ്ര സർക്കാർ നടപ്പിലാക്കിയ മൂലധന ചെലവുകൾക്കുള്ള പ്രത്യേക സഹായ പദ്ധതി (Scheme for Special Assistance for Capital Expenditure) 2023-24-ന്റെ ഒന്നാം ഭാഗത്തിന് കീഴിൽ സംസ്ഥാനത്തിന് അനുവദിച്ചിരുന്ന

1925 കോടി രൂപയുടെ വായ്പാ സഹായം ലഭിക്കുന്നതിന് സംസ്ഥാന സർക്കാരിൽനിന്നും proposal സമർപ്പിച്ചിരുന്നു. എന്നാൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന 5 കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി മൂലധന ചെലവുകൾക്കുള്ള പ്രത്യേക സഹായ പദ്ധതിയുടെ കീഴിൽ വായ്പാസഹായം അനുവദിക്കാൻ നിർവാഹമില്ല എന്നാണ് കേന്ദ്രം മറുപടി നൽകിയിട്ടുള്ളത്. കേന്ദ്ര സർക്കാർ Branding നിർദ്ദേശിച്ചിട്ടുള്ള Swachh Bharat Mission (Gramin) ഇത് വളരെ പ്രധാനപ്പെട്ടതാണ്. കേരളത്തെ ആകെ ബാധിക്കുന്ന പുതിയ പ്രശ്നം ഇപ്പോൾ ഉയർന്നുവന്നിട്ടുള്ളതാണ്. അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. എങ്കിലും ഞാൻ ഒരിക്കൽക്കൂടി പറയുകയാണ്. Ayushman Bharat Health & Wellness Centres, Pradhan Manthri Awas Yojana (Urban), Poshan Abhiyan, National Health Mission എന്നീ സ്കീമുകളിൽ Branding/naming-മായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നിർദ്ദേശിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ പുരോഗതി സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ കേന്ദ്ര

മന്ത്രാലയങ്ങളെ അറിയിച്ചുവെങ്കിലും കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ സംസ്ഥാനത്തിന് അനുകൂലമായ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. മൂലധനചെലവുകൾക്കായുള്ള പ്രത്യേക സഹായ പദ്ധതിയുടെ വിവിധ ഭാഗങ്ങളിലായി അനുവദിക്കേണ്ട ഒരു തുകയും നടപ്പുവർഷം ഇതുവരെ കേന്ദ്രസർക്കാർ റിലീസ് ചെയ്തിട്ടില്ല. ഏകദേശം 3000 കോടി രൂപയുടെ പലിശരഹിത വായ്പാസഹായമാണ് കാപെക്സിന് മാത്രം നമുക്ക് കിട്ടേണ്ടത്. മറ്റ് സ്കീമുകളിൽ മറ്റ് തുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതവും വലിയതോതിൽ കുടിശ്ശികയായിട്ടുണ്ട്.

മുൻ ഖണ്ഡികകളിൽ പരാമർശിക്കുന്ന തോതിലുള്ള സംസ്ഥാനത്തിന്റെ വരുമാനത്തിലെ കുറവ് തനത് വരുമാനമാർഗ്ഗത്തിലൂടെ എല്ലാം പൂർണ്ണമായും നികത്തുവാൻ സാധിക്കുന്നതല്ല. അതിന് ആനുപാതികമായി നമ്മുടെ ചെലവുകൾ വെട്ടിച്ചുരുക്കാനും കഴിയില്ല. വെട്ടിച്ചുരുക്കുന്ന സമീപനമല്ല, കഴിഞ്ഞവർഷത്തേക്കാളും കൂടുതൽ ചെലവാണ് ഈ വർഷമുള്ളത്. ഓരോ വർഷവും ചെലവ് വർദ്ധിക്കുന്നതുപോലെ ഈ വർഷവും അധികം ചെലവഴിച്ചിട്ടുണ്ട്.

(ബി) നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിനിടയിലും വിവിധ മേഖലകളിലായി വിതരണം ചെയ്യേണ്ട ആനുകൂല്യങ്ങൾ പരമാവധി വിതരണം ചെയ്യുന്നതിന് സർക്കാർ ശ്രമിച്ചു പോരുന്നുണ്ട്. വിവിധ ആനുകൂല്യങ്ങൾക്കും സേവനങ്ങൾക്കും ആവശ്യമായ തുക കണക്കാക്കി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സപ്ലൈകോയുടെ വിപണി ഇടപെടലിനായുള്ള 2408-01-102-99 (NP) Grant to KSCSC Ltd for MIO-33-Subsidies എന്ന ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം 190.80 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ നിന്നും, ഇതിൽ മാർക്കറ്റ് ഇന്റർവെൻഷനുള്ളതാണ്, 2022 ഓണക്കാലത്ത് സ്പെഷ്യൽ പഞ്ചസാര വിതരണം ചെയ്ത വകയിലുള്ള സബ്സിഡി തുകയായ 89,60,586/- രൂപയും വിപണിയിടപെടലിനായി 157.64 കോടി രൂപയും ഓണക്കിറ്റ് വിതരണത്തിനായി 32.27 കോടി രൂപയും ചേർത്ത് 190.80 കോടി രൂപ പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്. മേൽ ശീർഷകത്തിൽ അധിക ധനാനുമതിക്കുള്ള ഭരണ വകുപ്പ് പ്രൊപ്പോസൽ ധന ബഡ്ജറ്റ് വകുപ്പിന്റെ പരിഗണനയിലാണ്.

(ഡി) കോൺട്രാക്ടർമാരുടെ കണക്ക് സംബന്ധിച്ചാണ്. മരാമത്ത് പണികൾ സ്തംഭിച്ചിരിക്കുന്ന സ്ഥിതിയില്ല. കോൺട്രാക്ടർമാർക്ക് പേയ്മെന്റ് കൊടുക്കുന്നതിന് ബി.ഡി.എസ്. സമ്പ്രദായമടക്കം ഏർപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, തള്ളക്കോഴി കുഞ്ഞുങ്ങളോട് നാളെ നാളെയെന്ന് പറയുന്നതുപോലെയാണ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി, എന്ത് ചോദിച്ചാലും കേന്ദ്രം തരട്ടെയെന്ന് പറയുന്നത്. ഇതൊരു സർക്കാർ സംവിധാനമല്ലേ; പെൻഷൻ ചോദിച്ചാൽ കേന്ദ്രം, മരുന്ന് ചോദിച്ചാൽ കേന്ദ്രം, ശമ്പളം ചോദിച്ചാൽ കേന്ദ്രം. ഇത് കേന്ദ്രഗവൺമെന്റിന്റെ സ്ഥാപനമായ പോസ്റ്റോഫീസോ ബി.എസ്.എൻ.എൽ.-ലോ അല്ലല്ലോ, ഇതൊരു സർക്കാർ സംവിധാനമാണ്.

<u>മി. സ്പീക്കർ</u>: അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ....

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: കേന്ദ്ര ഗവൺമെന്റ് തന്നിട്ട് സംസ്ഥാനം നന്നാകുമെന്ന വിചാരം നമുക്കുണ്ടോ; ഒരിക്കലുമില്ല. കേന്ദ്രം വിഹിതം തരാതിരിക്കാനുള്ള കാരണത്തിനായി കാത്തിരിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ഇത് പ്രസംഗമല്ല, ഡിമാന്റുണ്ട് ബഡ്ജറ്റിൽ ചർച്ച ചെയ്യാം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: കണക്ക് കൊടുക്കാത്തതുകൊണ്ട് പല ഫണ്ടുകളും നമുക്ക് നഷ്ടപ്പെട്ടു. യഥാസമയത്ത് സംസ്ഥാന ഗവൺമെന്റ് പേപ്പറുകൾ സബ്മിറ്റ് ചെയ്യാത്തതുകൊണ്ട് കുറേ ഫണ്ടുകൾ നമുക്ക് നഷ്ടപ്പെട്ടു. ഒരു ഉദാഹരണം മാത്രം ഞാൻ സൂചിപ്പിക്കാം. യു.ജി.സി. ശമ്പള സ്കെയിലിൽ 2016 മുതൽ 2019 വരെയുള്ള കുടിശ്ശിക ഇതുവരെ നമുക്ക് വാങ്ങാൻ സാധിച്ചിട്ടില്ല. അതിന്റെ കാരണമെന്താണെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കുമോ; അതുപോലെ കൊട്ടിഘോഷിച്ച് കൊണ്ടുവന്ന ജൽജീവൻ പദ്ധതി ഇപ്പോൾ മുടങ്ങിയിരിക്കുകയാണ്. എന്തുകൊണ്ടാണിത് മുടങ്ങിയത്; കേന്ദ്ര വിഹിതമുണ്ട്, പക്ഷേ സംസ്ഥാന വിഹിതം നമുക്ക് കൊടുക്കാൻ സാധിക്കുന്നില്ല. യഥാസമയം കണക്കുകൾ കൊടുക്കാത്തതുകൊണ്ട് നമുക്ക് എത്ര ഫണ്ടുകൾ നഷ്ടമായി;

മി. സ്പീക്കർ: ഇപ്പോൾതന്നെ ഒന്നര മിനിറ്റായി....

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: എത്രരൂപ നമുക്ക് കുടിശ്ശികയായി കേന്ദ്രഗവൺമെന്റിൽനിന്നും കിട്ടാനുണ്ട്?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, എപ്പോൾ ചോദിച്ചാലും കേന്ദ്രത്തിന്റെ കാര്യം പറയുന്നുവെന്നതാണ് അദ്ദേഹത്തിന്റെ പരാതി. കേന്ദ്രത്തിനെ കുറ്റപ്പെടുത്തരുതെന്ന അഭിപ്രായം അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പാർട്ടിക്കുമുണ്ടോയെന്ന് എനിക്കറിയില്ല. എന്നാലും കിട്ടാത്ത കാര്യത്തെപ്പറ്റി മാത്രമാണ് നമ്മൾ പറയുന്നത്. കേരളത്തിൽനിന്നും ആകെപിരിച്ചുകൊണ്ടുപോകുന്ന പണത്തിന്റെ അർഹമായ പങ്ക് നമുക്ക് ലഭിക്കണം. നേരത്തെ കിട്ടിക്കൊണ്ടിരുന്നത് കിട്ടുന്നില്ല. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് കൊടുക്കുന്നതുപോലെ നമുക്ക് ലഭിക്കുന്നില്ല. ഒരു ലക്ഷം കോടി രൂപ ക്യാപക്സ് എന്ന നിലയിൽ അവർക്ക് കൊടുക്കുമ്പോൾ നമുക്ക് 3000 കോടി രൂപ കിട്ടാൻ അർഹതയുണ്ട്. സാധാരണഗതിയിൽ ഒരുലക്ഷത്തിലധികം കൊടുക്കുന്നുണ്ട്. 60,000 കോടി രൂപ കിട്ടിയ സംസ്ഥാനവുമുണ്ട്. അങ്ങനെ കൊടുക്കുന്നതല്ല ശരി. നമുക്ക് അർഹമായത് കിട്ടണമെന്ന് പറയുന്നുവെന്നേയുള്ളൂ. ഇതൊന്നും പറയേണ്ടതില്ലേന്നാണോ? പാട്ടക്കാരുടെ കാര്യം പറഞ്ഞു, പാട്ടം കൊടുത്തിട്ട് മുഴുവനായി എടുത്തുകൊണ്ടുപോകുകയാണ്. പാട്ടം കൊടുക്കുന്നതല്ല രാജ്യത്തിന്റെ കാര്യം.

ഒരു ജന്മി പാട്ടക്കാരന് കൊടുത്തിട്ട്, ജന്മി പാട്ടത്തിന്റെ ഒരു കമ്പാരിസൺ ഇവിടെ പറയാൻ പാടില്ലല്ലോ; പരസ്പരമുള്ള ഒരു പാർട്ണർഷിപ്പാണെങ്കിൽ നമുക്ക് കിട്ടാനുള്ള വലിയ തോതിലുള്ള പണം കിട്ടാതിരുന്നാൽ എങ്ങനെയാണ്? നമുക്ക് കിട്ടേണ്ട പണം കിട്ടേണ്ടേ; പൊതുവിൽ സ്കാനറിൽ വരുന്നതല്ലാതെ ഇൻകം ടാക്സും കസ്റ്റംസും മറ്റുചെലവുമൊക്കെ ഇവിടെനിന്നും ശേഖരിക്കുന്നില്ലേ; അങ്ങനെ ശേഖരിക്കുന്നതിൽനിന്നും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് കൊടുക്കുന്ന പരിധിയനുസരിച്ച് നമുക്ക് വരുന്നില്ലെന്നതേ പറയുന്നുള്ളൂ. അതുകൊണ്ട് ഇവിടത്തെ ചെലവുകളൊന്നും നടക്കാതിരിക്കുന്നില്ല. യു.ജി.സി. ഉൾപ്പെടെയുള്ള പലകാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. യു.ജി.സി. ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അവർ പറഞ്ഞതനുസരിച്ച് സംസ്ഥാന ഗവൺമെന്റ് കാര്യങ്ങൾ കൊടുത്തിട്ടുണ്ട്. ഓരോ സമയത്തും മാറ്റിമാറ്റിപ്പറഞ്ഞ് കിട്ടാതിരുന്നതാണ്. അതുസംബന്ധിച്ച് ഞാൻ വളരെ വിശദമായി പറഞ്ഞതാണ്. അവർ പറഞ്ഞ തീയതിയിൽ, 2022 മാർച്ചാണെന്നാണ് എന്റെ ഓർമ്മ, 2022 മാർച്ചിനുമുമ്പുതന്നെ ഇതുമായി ബന്ധപ്പെട്ട പേപ്പറുകൾ എത്തിച്ചു. അതിനുശേഷം ഇ-മെയിൽ അയച്ചാൽ

മാത്രംപോരാ എന്നുള്ളതുകൊണ്ട് അതിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനായ ഡയറക്ടർ നേരിട്ടുപോയി ആ പേപ്പറുകൾ കൊടുത്തു. അതെല്ലാം കഴിഞ്ഞ്, കോടതിയും കേസ്സും വന്നപ്പോൾ നമ്മൾ അതൊന്നും കൊടുക്കുന്നില്ലെന്നാണ് പറയുന്നത്. എന്തുകൊണ്ടാണ് ഇത്തരത്തിലുള്ള ചിറ്റമ്മനയം നമ്മളോട് സ്വീകരിക്കുന്നത്? ആ പ്രശ്നം മാത്രമേ കേന്ദ്രത്തെക്കുറിച്ച് പറയുന്നുള്ളൂ. നമുക്ക് കിട്ടേണ്ട പണം കിട്ടണം. ഇവിടത്തെ ചെലവിന്റെ കാര്യത്തിൽ ചുരുക്കം വന്നിട്ടില്ല. ഇതുവരെയുള്ള ചെലവിൽ ഈ വർഷംതന്നെ കണക്കെടുക്കാമെങ്കിൽ കഴിഞ്ഞവർഷം ചെലവായതിനെക്കാളും 4000 കോടി രൂപയിലധികം ഡിസംബർ വരെ ചെലവഴിച്ചിട്ടുണ്ട്. പണം ചെലവാക്കാതെയല്ല പോകുന്നത്. ഈ പറഞ്ഞതുപോലെ വലിയ തോതിലുള്ള കുടിശ്ശികകൾ, കോൺട്രാക്ടർമാരുടെ കാര്യം നേരത്തെ പറഞ്ഞു, അങ്ങനെയൊരു ലെവലിനപ്പുറം കുടിശ്ശികയില്ല. ബി.ഡി.എസ്. പോലുള്ള സമ്പ്രദായം നടപ്പിലാക്കി. എന്നാൽ നമുക്ക് സ്പെന്റ് ചെയ്യാവുന്ന സ്പേസിൽ 50,000 കോടി രൂപയുടെയെങ്കിലും കുറവ് അവർ ഏകപക്ഷീയമായി വരുത്തുന്നതിന്റെ പ്രശ്നമുണ്ട്. അത് നമ്മളെയെല്ലാം ബാധിക്കുന്നതാണ്. അക്കാര്യം

പറഞ്ഞെന്നേയുള്ളൂ. കാസർഗോഡ് ജില്ലയെടുത്താലും അങ്ങയുടെ മണ്ഡലമെടുത്താലും എത്രയോ അധികം പ്രവർത്തനങ്ങൾ ഈ സമയത്ത് നടന്നിട്ടുണ്ടെന്ന് അങ്ങേയ്ക്കറിയാമല്ലോ.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ കേന്ദ്ര ഗവൺമെന്റിനെ ന്യായീകരിച്ചതല്ല. കേന്ദ്ര ഗവൺമെന്റിൽനിന്നുള്ള ധനസഹായം പ്രതീക്ഷിച്ചിരുന്നാൽ നമ്മുടെ സംസ്ഥാനത്തെ നമുക്ക് നന്നാക്കാൻ കഴിയില്ല എന്നാണ് ഞാൻ പറഞ്ഞത്. നമ്മുടെ സംസ്ഥാനത്ത് ട്രഷറി നിയന്ത്രണമുണ്ടോയെന്ന് വ്യക്തമാക്കുമോ; മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാർക്ക് നൽകാൻ കുടിശ്ശികയുള്ള പതിനയ്യായിരം കോടി രൂപ എപ്പോൾ കൊടുത്ത് തീർക്കുമെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഒരു ചോദ്യം മാത്രമെ ചോദിക്കാൻ പാടുള്ളൂവെങ്കിലും അദ്ദേഹം രണ്ട് ചോദ്യങ്ങൾ ചോദിച്ചു. കേന്ദ്ര സർക്കാരുമായി സഹകരിച്ചാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്. കേന്ദ്ര സർക്കാരിൽനിന്ന് സംസ്ഥാന സർക്കാരിന് അർഹമായ സഹായങ്ങൾ ലഭിക്കണമെന്ന കാര്യം ഞാൻ ആവർത്തിച്ച് പറയുകയാണ്. മരാമത്ത് പ്രവൃത്തി

ഏറ്റെടുത്ത കരാറുകാരുടെ കുടിശ്ശിക സംബന്ധിച്ചാണ് അങ്ങ് സ്പെസിഫിക്കായി ചോദിച്ച മറ്റൊരു ചോദ്യം. പതിനയ്യായിരം കോടി രൂപ കോൺട്രാക്ടർമാർക്ക് കുടിശ്ശിക നൽകാനുണ്ടെന്ന് ഇന്നും ഒരു ദിനപത്രത്തിൽ കാണുകയുണ്ടായി. തെറ്റിദ്ധാരണയിലൂടെ നമ്മുടെ സഭ മുന്നോട്ട് പോകാൻ പാടില്ല. ഇന്നത്തെ കണക്കനുസരിച്ച്, 1021 കോടി രൂപയാണ് കുടിശ്ശികയുള്ളത്. ഇത് ട്രഷറിയിലെ കണക്കാണ്. ബാക്കി തുക BDS (Bill Discounting Scheme)-ൽ മാറിയിട്ടുണ്ടാകും. ബില്ലുകൾ വന്നിട്ടുള്ളത്, ട്രഷറിയിലേയ്ക്ക് പോയിട്ടുള്ളത്, അവിടെ ക്യൂവിലുള്ളത് എന്നിവയുടെ അടിസ്ഥാനത്തിലാണ് ധനകാര്യ വകുപ്പിൽ കണക്കെടുക്കുന്നത്. വേയ്സ് ആൻഡ് മീൻസിലും അവിടെയുള്ള കണക്കനുസരിച്ചാണ് പറയുന്നത്. BDS സമ്പ്രദായം കഴിഞ്ഞ കുറേ വർഷങ്ങളായി നടപ്പാക്കുന്നുണ്ട്. ഇതുവഴി ബില്ലുകൾ മാറുകയും ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് ഒരു കാര്യംകൂടി പറയാനുണ്ട്. ബില്ലുകൾ സമർപ്പിച്ചിട്ടും പണം ലഭിക്കുന്നില്ലെന്ന പരാതിയുമായി കൊല്ലത്തുള്ള ഇടത്തരം/ചെറുകിട കോൺട്രാക്ടർമാർ സമീപിച്ചിരുന്നു. അവരുടെ ബില്ലുകൾ ട്രഷറിയിലേയ്ക്ക് പോയിട്ടില്ലെന്നാണ് അന്വേഷിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്.

ഫസ്റ്റ് പേജ് മാത്രം ട്രഷറിയിലേയ്ക്ക് പോയാൽ പോരാ, അതിൽ ഫിസിക്കൽ വെരിഫിക്കേഷൻകൂടി നടത്തണം. എങ്കിൽ മാത്രമേ ബിൽ ട്രഷറിയിലേയ്ക്ക് പോകുകയുള്ളൂ. പലപ്പോഴും ഇത്തരത്തിലുള്ള പല സാങ്കേതിക കാരണങ്ങളുമുണ്ടാകാം. ചിലയിടത്ത് പണമില്ലാത്ത അവസ്ഥയുമുണ്ട്. പതിനയ്യായിരം കോടി രൂപയുടെ കുടിശ്ശികയുടെ പ്രശ്നം നിലവിൽ ഇല്ല. ബഹുമാനപ്പെട്ട അംഗം ചോദിച്ചതിനാലാണ് ലേറ്റസ്റ്റ് ആയ കണക്ക് ഇവിടെ പറഞ്ഞത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കിഫ്ബി, പെൻഷൻ ഫണ്ട് ബോർഡ് തുടങ്ങി ബഡ്ജറ്റിന് പുറത്തുനിന്നെടുത്ത കടത്തിന്റെ തിരിച്ചടവിലേയ്ക്കും അതിന്റെ പലിശയിലേയ്ക്കുമായി പ്രതിവർഷം എത്ര കോടി രൂപയാണ് മാറ്റിവയ്ക്കുന്നത്; ഈ ഭീമമായ സംഖ്യയുടെ തിരിച്ചടവ് ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയിൽ എത്രത്തോളം പങ്ക് വഹിക്കുന്നുണ്ട്; ഇപ്പോഴത്തെ ട്രഷറി നിയന്ത്രണങ്ങൾ എന്ന് നീങ്ങും; നിലവിലെ ട്രഷറി നിയന്ത്രണം ഏത് വിധത്തിലാണ്?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, വളരെ സൂക്ഷ്മമായ പരിശോധനകൾക്ക് ശേഷം മാത്രമെ കടത്തിന്റെ തിരിച്ചടവിലേയ്ക്കായി എത്ര തുകയാണ് മാറ്റിവയ്ക്കുന്നത് എന്നതുസംബന്ധിച്ച് മറുപടി നൽകാൻ കഴിയുകയുള്ളൂ. മറ്റ് പദ്ധതികൾപോലെതന്നെ കൃത്യമായി കടം റീചാർജ് ചെയ്തുപോകുന്ന പദ്ധതിയാണിത്. മറ്റ് രീതിയിൽ കടമെടുക്കുന്നതുപോലെ തന്നെയാണ് ഇതും. അതിൽ സംസ്ഥാനത്തിന് ഗുണമല്ലാതെ ദോഷമുണ്ടാകില്ല. ഇന്ത്യയിലെ ഏറ്റവും കൂടിയ അസറ്റ് ക്രിയേഷൻ നമ്മുടെ സംസ്ഥാനത്താണെന്ന് കഴിഞ്ഞ ദിവസം പുറത്തുവന്ന ചില റിപ്പോർട്ടുകൾ എല്ലാവരും ശ്രദ്ധിച്ചിട്ടുണ്ടാകും. അസറ്റ് ക്രിയേഷന്റെ ഒരു വർഷത്തെ ശതമാനം നോക്കിയാൽ മുന്നിട്ടുനിൽക്കുന്നത് കേരളമാണ്. കടം നമുക്ക് തിരിച്ചടയ്ക്കാൻ കഴിയുന്നതുതന്നെയാണ്. ട്രഷറിയിൽ നിലവിൽ വലിയ രീതിയിലുള്ള നിയന്ത്രണമുണ്ടെന്ന് പറയാൻ കഴിയില്ല. സംസ്ഥാനത്ത് ട്രഷറി നിയന്ത്രണമില്ലെന്ന് പറയുന്നില്ല, നിയന്ത്രണമുണ്ട്. ഒരു മാസത്തെ ബിൽ മാത്രമേ കുടിശ്ശിക കാണുകയുള്ളൂ. ബാക്കി തുകയൊന്നും കുടിശ്ശികയില്ല. കിട്ടാനുള്ള തുകകൾ അതത് സമയത്ത് ക്ലിയർ ചെയ്ത് കൊടുക്കുന്നുണ്ട്. വലിയ

ഫെസ്റ്റിവൽ വരുമ്പോൾ നിയന്ത്രണങ്ങളുണ്ടാകുമെങ്കിലും വലിയ തുക കുടിശ്ശികയില്ല. കേന്ദ്ര സർക്കാരിൽനിന്നുള്ള തുക കിട്ടാത്തതിനാലുള്ള ബുദ്ധിമുട്ടുകളാണ് ഇവിടെ നിലവിലുള്ളത്. എപ്പോൾ ട്രഷറി നിയന്ത്രണം തീരുമെന്ന് അങ്ങ് ചോദിച്ചു. സംസ്ഥാന ഗവൺമെന്റിന് ലഭിക്കാനുള്ള തുകയുടെ അൻപത് ശതമാനമെങ്കിലും കേന്ദ്ര സർക്കാരിൽനിന്ന് റിലീസ് ചെയ്ത് കിട്ടിയാൽ ഇപ്പോഴുള്ള ചെറിയ ട്രഷറി നിയന്ത്രണങ്ങൾ ഇല്ലാതാകും. നിലവിൽ ചെറിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ഇടയ്ക്കിടെ അത് മാറ്റുകയും ചെയ്യുന്നുണ്ട്.

ശ്രീ. പി. കെ. ബഷീർ: സർ, ഏതെങ്കിലുമൊരു വിഷയത്തിൽ സംസ്ഥാന സർക്കാരിനെ വിമർശിക്കുമ്പോൾ അതിന്റെ ഉത്തരവാദി കേന്ദ്ര സർക്കാരാണെന്ന് പറയുകയാണ് ചെയ്യുന്നത്. കടത്തിന്റെ പരിധി കൂട്ടുന്നതിനായി സമരം ചെയ്യുന്നത് കേരളത്തിലല്ലാതെ ലോകത്തിലെവിടെയും കേട്ടിട്ടില്ല. സംസ്ഥാനത്തിന് അർഹതപ്പെട്ട തുക ലഭിക്കുകതന്നെവേണം. കേന്ദ്ര സർക്കാരിന്റെ അവഗണനയ്ക്കെതിരായി നിൽക്കണം. എനിക്ക് ഒരു ബാങ്കിൽനിന്ന് പത്ത് ലക്ഷം രൂപ കടം നൽകിയിട്ട്, മറ്റ് ബാങ്കുകൾ കടം

തരില്ലെന്ന് പറഞ്ഞ് സമരം ചെയ്യാൻ കഴിയുമോ? സംസ്ഥാന സർക്കാരിന്റെ വരവ് വർദ്ധിക്കുമെന്ന് ധനകാര്യ കമ്മീഷൻ കണക്കുകൂട്ടിയിട്ടും അത്തരത്തിൽ വരവ് വർദ്ധിക്കുന്നില്ല എന്നതാണ് സ്ഥിതി. അങ്ങനെയെങ്കിൽ നികുതി പിരിവ് കാര്യക്ഷമമല്ല എന്ന കാര്യം അംഗീകരിക്കുമോ; നികുതി സമാഹരണം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? ഒരു നിലപാട് വേണ്ടേ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കടമെടുപ്പ് പരിധി കൂട്ടാനായി സമരം ചെയ്യുന്നത് ലോകത്താദ്യമായാണ് എന്നൊക്കെ പറയുന്നതിൽ അത്ഭുതം തോന്നുന്നു. നിയമസഭയ്ക്കും കേരള സംസ്ഥാനത്തിനും ജനങ്ങൾക്കും ഒരവകാശമുണ്ട്. നിയമസഭയുടെ അവകാശത്തെയാണ് ഫെഡറലിസമെന്ന് പറയുന്നത്. അതിന്റെ വിവിധ വശങ്ങളെക്കുറിച്ച് പറയുമ്പോൾ തെറ്റായ കാര്യങ്ങൾക്ക് അവകാശം ചോദിക്കുകയാണോ എന്ന് തോന്നും? നമുക്ക് കടമെടുക്കാനായി നിയമസഭ അംഗീകരിക്കുന്ന, പ്രതിപക്ഷവും ഭരണപക്ഷവും ചേർന്ന് പാസാക്കുന്ന ബഡ്ജറ്റും നിയമവുമുണ്ട്. അതൊന്നും വേണ്ട, അവിടെ ഡിപ്പാർട്ട്മെന്റ് തീരുമാനിച്ചാൽ മതിയെന്നാണ് പറയുന്നത്. ഈയടുത്ത്

ജമ്മുകാശ്മീരുമായി ബന്ധപ്പെട്ട ഒരു വിധി വരികയുണ്ടായി. അതിലെ കോടതി റാറ്റിഫിക്കേഷനെല്ലാം വന്നപ്പോൾ കേന്ദ്ര സർക്കാർ അതിനെ എങ്ങനെയാണ് വ്യാഖ്യാനിച്ചത്? നിയമസഭയില്ലെങ്കിൽ ഗവർണർക്ക് തീരുമാനിക്കാമെന്നാണ് പറയുന്നത്. അവിടത്തെ അസംബ്ലി സീറ്റുകൾ, റിസർവേഷൻ തുടങ്ങി വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ സംബന്ധിച്ചും മറ്റും ഏറ്റവും ഒടുവിലായി വന്ന വിധിയിൽ നിയമസഭയുടെ അവകാശം, വേണമെങ്കിൽ ഗവർണറിലേയ്ക്ക് കൊടുക്കാമെന്ന നിലയിൽ വ്യാഖ്യാനിച്ചിരിക്കുന്നു എന്നുള്ളതാണ് ഏറ്റവും പുതിയ പ്രശ്നം. എന്തും ചെയ്യാൻ തയ്യാറാകുന്ന തരത്തിലേയ്ക്ക് ഭരണകൂടത്തെ ഉപയോഗിക്കുന്നു എന്നുള്ളതാണ് പ്രശ്നം. കടമെടുത്താൽ പാസാക്കുന്ന നിയമമനുസരിച്ച് FRBM (The Fiscal Responsibility and Budget Management Act)-ഉം മറ്റ് ആക്റ്റുകളും നമുക്കുണ്ട്. നമ്മൾ പാസാക്കുന്ന നിയമമനുസരിച്ച് നമുക്ക് കടമെടുക്കാനറിയണം. ബഹുമാനപ്പെട്ട പി. കെ. ബഷീർ ഒരു വീട് വയ്ക്കുമ്പോൾ, തിരിച്ചടയ്ക്കാനുള്ള താങ്കളുടെ ശേഷിയനുസരിച്ച് ഒരു തുക കടം നൽകുന്നതിന് ബാങ്ക് തയ്യാറാകുമ്പോൾ, അങ്ങനെ ചെയ്യരുതെന്ന് മറ്റൊരാൾ പറഞ്ഞാൽ എന്താണ് ചെയ്യാൻ കഴിയുന്നത്.

കടമെടുക്കുന്നത് സംസ്ഥാനത്തിന്റെ അവകാശമാണ്. കടമെടുത്ത് എന്തെങ്കിലും കാര്യം സംസ്ഥാന സർക്കാർ തെറ്റാക്കിയിട്ടുണ്ടോ? സംസ്ഥാനത്തിന്റെ അവകാശത്തെ ചോദ്യം ചെയ്താൽ ഇനിയും സമരം ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗവും അതിനെത്തുടർന്നുള്ള ചർച്ചയും ചർച്ചയ്ക്കുള്ള മറുപടിയും ബഡ്ജറ്റിന്റെ ഭാഗമാണ്. കോഴിക്കോട് വിമാനത്താവളത്തിലേയ്ക്കുള്ള റോഡ് ക്രമീകരിക്കുമെന്നത് സംബന്ധിച്ച് കഴിഞ്ഞ വർഷം ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നു. അതുമായി ബന്ധപ്പെട്ട പ്രോജക്ടുമായി സമീപിച്ചപ്പോൾ അതിന് ഫണ്ടില്ലെന്നാണ് പറയുന്നത്. പെട്രോൾ, ഡീസൽ വില വർദ്ധനവിൽ രണ്ട് ശതമാനം സെസ് ഏർപ്പെടുത്തിയിരുന്നു. ക്ഷേമ പെൻഷനുകൾ കൊടുക്കാൻ എന്ന പേരിലായിരുന്നു ഇങ്ങനെ ചെയ്തത്. ഇത്തരത്തിൽ സെസ് ഏർപ്പെടുത്തിയതുവഴി കേരളത്തിൽ എത്ര രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അടുത്ത രണ്ട് ചോദ്യങ്ങൾ ഈ വിഷയംതന്നെയാണ് വിശദമായി പ്രതിപാദിക്കുന്നത്. ഇതിനുള്ള മറുപടി ആ ചോദ്യങ്ങൾ പരിഗണിക്കുമ്പോൾ പറയാം. കോഴിക്കോട് വിമാനത്താവളത്തിലേയ്ക്കുള്ള റോഡിന്റെ വികസനത്തിനായി സ്ഥലമെടുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നതായിരിക്കും. ബഹുമാനപ്പെട്ട അംഗം കഴിഞ്ഞ ദിവസം വ്യക്തിപാരമായും ഇക്കാര്യം എന്നോട് പറഞ്ഞിരുന്നു. വിമാനത്താവളത്തിലേയ്ക്കുള്ള റോഡ് യാഥാർത്ഥ്യമാക്കും.

ശ്രീമതി യു. പ്രതിഭ: സർ, ഇന്ത്യയിൽത്തന്നെ ഏറ്റവും കൂടുതൽ പേർക്ക് ക്ഷേമ പെൻഷൻ നൽകുകയും വിദ്യാഭ്യാസം സൗജന്യമാക്കുകയും ചികിത്സ സൗജന്യമായി നൽകുകയും ചെയ്യുന്ന നാടാണ് കേരളം. മെറിറ്റിൽ വരുന്നയാളിന് എത്ര നാളും സൗജന്യമായി പഠനം നടത്താൻ ഇവിടെ കഴിയും. ഇതെല്ലാം ധൂർത്താണെന്നാണ് പ്രതിപക്ഷം ആരോപിക്കുന്നത്. പ്രതിപക്ഷത്തിന്റെ ഒരു തരം രോദനമാണ് കേൾക്കുന്നത്. കേന്ദ്രം തീർക്കുന്ന സാമ്പത്തിക ഉപരോധത്തെക്കുറിച്ച് അവർ ഒന്നും പറയുന്നില്ല. സാമ്പത്തിക

പ്രതിസന്ധി എങ്ങനെയാണ് മറികടക്കാൻ കഴിയുന്നത് എന്നത് സംബന്ധിച്ച് ഒരു വാക്കുപോലും അവരുടെ ആത്മാർത്ഥമായ ചർച്ചയിൽ കേട്ടില്ല എന്നുള്ളതാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ഇക്കാലത്ത് നമ്മുടെ നാട്ടിൽ ആഡംബര വിവാഹങ്ങൾ ധാരാളമായി നടക്കുന്നുണ്ട്. ഇത്തരം ആഡംബര വിവാഹങ്ങൾക്ക് ടാക്സ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങനെയൊരു നിർദ്ദേശം പരിശോധിക്കാം. കൂടുതൽ പരിശോധിക്കാതെ ഇതുസംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയില്ല.

സാമൂഹ്യ സുരക്ഷ പെൻഷൻ സമയബന്ധിതമായി നൽകാൻ നടപടി

3(*33) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം

മുടങ്ങിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പെൻഷൻ മുടങ്ങിയിട്ട് എത്ര മാസമായെന്നും മുടങ്ങാനുണ്ടായ സാഹചര്യമെന്താണെന്നും വ്യക്തമാക്കാമോ;

(ബി) നിലവിലെ സാമൂഹ്യ സുരക്ഷ പെൻഷൻ കുടിശ്ശിക എന്നത്തേയ്ക്ക് നൽകാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സാമൂഹ്യ സുരക്ഷ പെൻഷൻ സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ) 2023 നവംബറിലും ഡിസംബറിലും പെൻഷൻ നല്കിയിരുന്നു. 2023 സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസത്തെ പെൻഷൻ നൽകാനുണ്ട്. പെൻഷൻ കമ്പനിയുടെ ബാധ്യതകൾ സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി കടമെടുക്കാൻ കേന്ദ്ര സർക്കാർ അനുവദിക്കാത്തതും പെൻഷന്റെ കേന്ദ്ര വിഹിതം യഥാസമയം നല്കാത്തതു കാരണവുമാണ് പെൻഷൻ യഥാസമയം നല്കാൻ കഴിയാത്തത്. 2020 സെപ്റ്റംബർ മുതൽ ക്ഷേമ പെൻഷനുകൾ അതത് മാസംതന്നെ നൽകിവന്നിരുന്നു. ചില അവസരങ്ങളിൽ രണ്ട് മാസത്തെ പെൻഷൻ ഒന്നിച്ച് നൽകിയിട്ടുണ്ട്. ക്ഷേമ

പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ഫണ്ട് കണ്ടെത്തുന്നതിനുമായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്. ഈ കമ്പനി നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്കുമെന്ന കേന്ദ്ര നിലപാട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. ആയതിനാൽ പെൻഷൻ വിതരണത്തിനാവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്. ഇത് പെൻഷൻ വിതരണത്തെ ബാധിക്കുമെങ്കിലും ക്ഷേമപെൻഷനുകൾ പരമാവധി സമയത്തുതന്നെ കൊടുത്തു തീർക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ഉറപ്പാക്കുന്നതാണ്.

(സി) സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്നത് സർക്കാരിന്റെ പ്രധാന കർത്തവ്യമാണ്. പ്രസ്തുത കടമ നിർവ്വഹിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹ്യ

സുരക്ഷ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന് സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാനത്ത് നിലവിൽ ഒരു മാസത്തെ സാമൂഹ്യ സുരക്ഷ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിക്കുന്നതിന് ഏകദേശം 900 കോടിയോളം രൂപ ആവശ്യമാണ്. പെൻഷൻ മുടക്കം കൂടാതെ നൽകുന്നതിനായി സർക്കാർ ഇതിനോടകം തന്നെ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചതും സാമൂഹ്യ സുരക്ഷ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിനായി പെട്രോൾ, ഡീസൽ സെസ്സ് ഏർപ്പെടുത്തിയതും ഈ നടപടികളുടെ ഭാഗമാണ്. എന്നാൽ പ്രസ്തുത കമ്പനി നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്കുമെന്ന കേന്ദ്ര നിലപാട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. അതുപോലെതന്നെ 2023 ഏപ്രിൽ 1 മുതൽ 2023 നവംബർ 30 വരെയുള്ള കാലയളവിൽ പെട്രോൾ, ഡീസൽ സെസ്സിനത്തിൽ 600.78 കോടിയോളം രൂപയും ഇന്ത്യൻ നിർമ്മിത വിദേശ മദ്യം (IMFL) സെസ്സിനത്തിൽ 139.92 കോടിയോളം രൂപയും മാത്രമാണ്

ആകെ ലഭിച്ചത്. നേരത്തെ ഇത് അവതരിപ്പിക്കുന്ന സമയത്ത് തന്നെ ഇത് സോഷ്യൽ സെക്യൂരിറ്റിക്കുള്ള സീഡ് ഫണ്ടാണെന്ന് പറഞ്ഞിരുന്നു. അത് ബഡ്ജറ്റ് പ്രസംഗത്തിൽ അച്ചടിച്ച് വരികയും ചെയ്തിരുന്നു. സീഡ് ഫണ്ടിനത്തിൽ ആയിരം കോടി രൂപയുടെ വരുമെന്നാണ് സർക്കാർ പ്രതീക്ഷിച്ചിരുന്നത്. അതിൽ എട്ട് മാസത്തേതായി 740 കോടി രൂപയാണ് വന്നിട്ടുള്ളത്. മൊത്തം ചെലവ് നോക്കുമ്പോൾ വളരെ ചെറിയ തുകയാണ്. ആകെ സോഷ്യൽ സെക്യൂരിറ്റി ചെലവെന്ന് പറയുന്നത് പെൻഷൻ മാത്രമല്ല. 8 മാസക്കാലമായി സെസ്സിനത്തിൽ ലഭിച്ച ആകെ തുക ഒരു മാസത്തെ സാമൂഹ്യ സുരക്ഷ പെൻഷനുകൾ വിതരണം ചെയ്യുന്നതിന് പോലും മതിയാകുകയില്ല. കേരളത്തിൽ ഏകദേശം 14000 കോടിയോളം രൂപ സാമൂഹ്യ സുരക്ഷ ചെലവ് ഇനത്തിൽ വരും. അതിലൊരു ചെറിയ വിഭാഗം മാത്രമാണ് സാമൂഹ്യ സുരക്ഷ പെൻഷൻ എന്നത്. ഇക്കാരണത്താൽ പെൻഷൻ വിതരണത്തിനാവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്. ഇത് പെൻഷൻ വിതരണത്തെ ബാധിക്കുമെങ്കിലും ക്ഷേമ പെൻഷനുകൾ പരമാവധി മുടക്കം കൂടാതെ ലഭ്യമാക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. നിലവിൽ

ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി സാമൂഹ്യ സുരക്ഷ പെൻഷനുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള പരിശ്രമമാണ് സർക്കാർ നടത്തിവരുന്നത്. ഇക്കാര്യങ്ങൾ ഇന്നലെ വളരെ വിശദമായിതന്നെ ചർച്ച ചെയ്തതാണ്. അതിനപ്പുറം അക്കാര്യത്തെ സംബന്ധിച്ച് വിശദീകരിക്കേണ്ട കാര്യമുണ്ടെന്ന് കരുതുന്നില്ല.

ശ്രീ. ടി. ജെ. വിനോദ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ സാമൂഹ്യ സുരക്ഷ പെൻഷനും ഏകദേശം 5057000 പേർക്ക് 5 മാസവും കെട്ടിട നിർമ്മാണ തൊഴിലാളികൾക്കടക്കം വർഷങ്ങളായി ക്ഷേമനിധി പെൻഷനും മുടങ്ങിക്കിടക്കുന്ന ഒരു സാമൂഹിക സാഹചര്യമാണ് കേരളത്തിൽ ഇന്നുള്ളത്. ഒരു ചായ കുടിക്കാനോ മരുന്ന് വാങ്ങാനോ പോലും പണമില്ലാതെ പലരും എം.എൽ.എ.മാരുടെ ഓഫീസുകളിൽ കയറിയിറങ്ങുന്ന സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. എന്റെ ചോദ്യം, സാമൂഹിക സുരക്ഷ പെൻഷൻ വിതരണത്തിനായി സർക്കാർ രൂപീകരിച്ച കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന കമ്പനി പെൻഷൻ വിതരണത്തിനല്ലാതെ വായ്പ ലഭ്യമാക്കിയെന്നും ഇത് സംബന്ധിച്ച കണക്കുകൾ

ശരിയായി സൂക്ഷിച്ചില്ലെന്നുമുള്ള കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ കണ്ടെത്തലിന് സർക്കാർ മറുപടി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അദ്ദേഹം ഏത് റിപ്പോർട്ടിനെക്കുറിച്ചാണ് പറഞ്ഞതെന്ന് എനിക്കറിയില്ല. സമയാസമയങ്ങളിൽ സി.&എ.ജി. ചൂണ്ടിക്കാണിക്കുന്ന ഇത്തരം വിഷയങ്ങളിലെല്ലാം നിയമപരമായ നടപടിക്രമങ്ങൾ സ്വീകരിച്ചുകൊണ്ടുതന്നെയാണ് മുന്നോട്ടുപോകുന്നത്. മുൻപൊരു ഘട്ടത്തിൽ തെറ്റായി പെൻഷൻ വാങ്ങുന്ന ആളുകളെപ്പറ്റി ചൂണ്ടിക്കാണിച്ചിരുന്നത് സംബന്ധിച്ച് പരിശോധിക്കുമെന്ന നിലപാട് എടുത്തിട്ടുണ്ട്. ഇത്തരം കാര്യങ്ങളെല്ലാം ഓരോ ഘട്ടത്തിലും നിയമപരമായി പരിശോധിച്ചുകൊണ്ടുതന്നെയാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയിലുൾപ്പെടെ ഇക്കാര്യങ്ങൾ ചർച്ച ചെയ്യാറുള്ളതാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, പെൻഷൻ ഏകീകരണത്തിന്റെ ഭാഗമായി സർക്കാർ സാമൂഹ്യ സുരക്ഷ പെൻഷൻ, ക്ഷേമനിധി പെൻഷൻ, വികലാംഗ പെൻഷൻ അടക്കം ഒറ്റ പെൻഷൻ മാത്രമാണ് നൽകുന്നത്. ക്ഷേമനിധി

ബോർഡിൽനിന്നും പെൻഷൻ ലഭ്യമാക്കുന്ന അംശദായം അടച്ചിട്ടുണ്ടെങ്കിലും പെൻഷൻ നൽകാത്ത സാഹചര്യമാണ് ഇന്നുള്ളത്. നിയമപരമായി നിയമസഭ പാസ്സാക്കിയ ക്ഷേമനിധി പെൻഷനും കേന്ദ്ര നിയമത്തിന്റെ വെൽഫെയർ ഡിസെബിലിറ്റി ആക്ട് സെക്ഷൻ 24 പ്രകാരമുള്ള വികലാംഗ പെൻഷനും ഒരു എക്സിക്യൂട്ടീവ് അധികാരം വഴി നിജപ്പെടുത്തിയ നടപടി നിയമപരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നിയമപരമായി പരിശോധിക്കേണ്ട കാര്യങ്ങളെല്ലാം നിയമപരമായിതന്നെ പരിശോധിച്ചിട്ടുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ് ചുമതലപ്പെടുത്തിയതുപ്രകാരം (ഡോ. മാത്യു കുഴൽനാടൻ): സർ, കേരളം നൽകുന്ന ക്ഷേമപെൻഷൻ ഇന്ന് ഒരു സ്റ്റാറ്റ്യൂട്ടറി റൈറ്റാണ്. അത് ജനങ്ങൾക്ക് നിഷേധിക്കുമ്പോൾ സ്വാഭാവികമായും അതിൽ നിയമലംഘനമാണുണ്ടാകുന്നത്. സർക്കുലർ നം.39/2019 പ്രകാരമാണ് രണ്ട് പെൻഷൻ ഒരാൾക്ക് കൊടുക്കില്ല എന്നുള്ള നിയമം പാസ്സാക്കിയത്. നിയമസഭ നിയമം പാസ്സാക്കാതെ ഒരു സ്റ്റാറ്റ്യൂട്ടറി റൈറ്റ് ഗവൺമെന്റിന് എടുത്ത് മാറ്റാൻ സാധിക്കുമോ, ഇല്ലയോ; സ്റ്റാറ്റ്യൂട്ടറി റൈറ്റ് നിഷേധിക്കുമ്പോൾ ഏത്

നിയമത്തിന്റെ അടിസ്ഥാനത്തിലാണ് നിഷേധിക്കുന്നത് എന്നതാണ് എന്റെ ചോദ്യം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ക്ഷേമനിധി പെൻഷൻ എന്നത് ഒരു സ്റ്റാറ്റ്യൂട്ടറി പെൻഷനല്ല. അടുത്ത കാലത്ത് കോടതി പരിഗണിച്ച വിഷയമാണിത്. ക്ഷേമനിധി എന്നുപറയുന്നത് ഒരു വെൽഫെയർ ആക്ടിവിറ്റിയുടെ ഭാഗമാണ്. ഇന്നലെ ഇവിടെ Directive Principles-നെക്കുറിച്ച് പറഞ്ഞു. അതേസമയം ക്ഷേമ പെൻഷൻ ക്ഷേമനിധികളിൽനിന്നാണ് കൊടുക്കുന്നത്. എന്തായാലും സ്റ്റാറ്റ്യൂട്ടറി റൈറ്റ് ലംഘിക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ വന്നിട്ടില്ല. നിലവിൽ പതിനാറ് ക്ഷേമനിധി പെൻഷനും സർക്കാർ ഫണ്ട് നൽകിയാണ് കൊടുക്കുന്നത്. വെൽഫെയർ ആക്ടിവിറ്റിയൊന്നും അതിൽ സാധാരണഗതിയിൽ വരുന്നതല്ല. എങ്കിലും അത് സ്റ്റാറ്റ്യൂട്ടറിയാണോ അല്ലയോ എന്ന് നോക്കിയിട്ടല്ല അങ്ങനെയൊരു സമീപനം സ്വീകരിക്കുന്നത്. സ്റ്റാറ്റ്യൂട്ടറി ആയിരുന്നെങ്കിൽ മാസങ്ങളോളം പെൻഷൻ മുടങ്ങിയാൽ പ്രശ്നമുണ്ടാകുമായിരുന്നല്ലോ. അത് ഗവൺമെന്റിന്റെ ഒരു വെൽഫെയർ മെഷറാണ്. ആ നിലയിൽതന്നെ കാര്യങ്ങൾ ശക്തിപ്പെടുത്തും. സ്റ്റാറ്റ്യൂട്ടറി

എന്നുള്ള സാങ്കേതികത്വത്തിൽ നിന്നുകൊണ്ട് പെൻഷൻ നിഷേധിക്കുന്ന സമീപനം സർക്കാരിനില്ല. പെൻഷൻ കൊടുക്കേണ്ടതാണ് എന്നുള്ള സമീപനമുള്ളതുകൊണ്ടാണല്ലോ പെൻഷൻ വർദ്ധിപ്പിക്കുന്നതും കൂടുതൽ ആളുകൾക്ക് കൊടുക്കുന്നതും അത് നന്നായി നടത്താൻ തീരുമാനിക്കുന്നതും.

ശ്രീമതി ഉമ തോമസ്: സർ, തണുക്കുമ്പോഴല്ലേ കമ്പിളിപ്പുതപ്പിന്റെ ആവശ്യം? പെൻഷൻ കമ്പനിയിലേയ്ക്ക് പണം വകയിരുത്താൻ കഴിഞ്ഞ ബഡ്ജറ്റിൽ ഏർപ്പെടുത്തിയ ഇന്ധന സെസ്സ് വഴി എത്ര കോടി രൂപ സമാഹരിച്ചുവെന്നും അതിൽ എത്ര കോടി രൂപ പ്രസ്തുത കമ്പനിക്ക് നൽകിയെന്നും വ്യക്തമാക്കാമോ; സമയബന്ധിതമായി പെൻഷൻ നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ ചോദ്യങ്ങൾക്കെല്ലാം ഞാൻ മറുപടി പറഞ്ഞുകഴിഞ്ഞതാണ്. സോഷ്യൽ സെക്യൂരിറ്റി സീഡ് ഫണ്ടിലേയ്ക്ക് വന്ന തുക ഞാൻ നേരത്തെ പറഞ്ഞതുപോലെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്കാണ് വരുന്നത്. ഇവിടെ പറഞ്ഞതുപോലെ ഇതെല്ലാം കൃത്യമായി കൊടുക്കേണ്ട നടപടിക്രമങ്ങൾ നടക്കുകയാണ്. അതെല്ലാം കൃത്യമായി

കൊടുക്കാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേരളത്തിന് അർഹമായി കിട്ടേണ്ടത് കേന്ദ്ര സർക്കാർ തടഞ്ഞുവച്ചിട്ടും ഇക്കാര്യങ്ങൾ നന്നായി ചെയ്യുന്നുണ്ട്. സാമൂഹ്യ ക്ഷേമ പെൻഷനുകൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളും നടത്താൻ നാം സംയുക്തമായി പരിശ്രമിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, ആറ് മാസം തുടർച്ചയായി പെൻഷൻ കിട്ടാത്തതുമൂലം നാട്ടിലാകെ കടം വാങ്ങി അവസാനം ഒരു മാസത്തെ പെൻഷൻ കിട്ടുമ്പോൾ കടം തീർക്കാൻ പറ്റാത്ത സമ്മർദ്ദത്തിൽ മരണപ്പെട്ട ചക്കിട്ടപാറയിലെ ജോസഫിന്റെ വിഷയം ഇന്നലെ ചർച്ച ചെയ്തതാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകിയ ചോദ്യം നമ്പർ 531 പ്രകാരം സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയ 9764 കോടി രൂപയിൽ വെറും 1500 കോടി രൂപ മാത്രമാണ് പെൻഷൻ നൽകാൻ ഇതുവരെയും സാധിച്ചിട്ടുള്ളത്. സർക്കാർ കൊടുക്കേണ്ട പണം കൃത്യമായി കൊടുത്തിരുന്നെങ്കിൽ ഇത്തരം ആത്മഹത്യകളും പെൻഷൻ മുടങ്ങുന്നതും ഒഴിവാക്കാമായിരുന്നില്ലേ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ആത്മഹത്യ ഒന്നിനും ഒരു പരിഹാരമല്ലെന്ന് ഞാൻ ആവർത്തിച്ച് പറയുകയാണ്. ചക്കിട്ടപാറയിലെ ജോസഫിന്റെ ആത്മഹത്യയ്ക്ക് കാരണം ക്ഷേമ പെൻഷൻ മുടങ്ങിയതല്ല എന്നത് ഇന്നലെതന്നെ വ്യക്തമായതാണ്. നിയമസഭാ സാമാജികൻ ഒരു കണക്ക് പറയുമ്പോൾ ആളുകൾക്ക് ബോധ്യപ്പെടുന്നത് പറയണ്ടേ, ക്ഷേമ പെൻഷൻ നൽകാൻ ഒരു മാസം 900 കോടി രൂപ വേണ്ടിവരുമ്പോൾ ഇത്രയും കാലമായി 1500 കോടി രൂപയേ കൊടുത്തുള്ളൂ എന്നത് ബഹുമാനപ്പെട്ട അംഗം എവിടെ നോക്കിയാണ് പറഞ്ഞത്. നമുക്ക് പരസ്പരം ഒരു ബോധ്യം വേണ്ടേ? ഇത്തരം കാര്യങ്ങൾ പുറത്തിറങ്ങി പ്രസംഗിക്കാമെങ്കിലും സഭയിൽ എല്ലാവർക്കും ബോധ്യപ്പെടുന്ന കാര്യങ്ങൾ പറയുന്നതായിരിക്കും നല്ലതെന്നാണ് എനിക്ക് പറയാനുള്ളത്.

സാമൂഹ്യ സുരക്ഷ പെൻഷൻ കുടിശ്ശിക

4(*34) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരവധി മാസങ്ങളായി സാമൂഹ്യ സുരക്ഷ പെൻഷൻ നൽകാത്ത സാഹചര്യമുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) സാമൂഹ്യ സുരക്ഷ പെൻഷൻ നൽകാനെന്ന പേരിൽ പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷ സെസ് ഏർപ്പെടുത്തിയതടക്കമുള്ള നികുതി വർദ്ധനവ് നടപ്പിലാക്കിയിട്ടും പെൻഷൻ കുടിശ്ശികയായതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(സി) സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ കുടിശ്ശിക തീർപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) സാമൂഹ്യ സുരക്ഷ പെൻഷനുകൾ അതത് മാസത്തിൽതന്നെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, (എ) നിരവധി മാസങ്ങളായുള്ള പെൻഷൻ കുടിശ്ശിക ഇല്ല. 2023 നവംബറിലും ഡിസംബറിലും പെൻഷൻ നല്കിയിരുന്നു. 2023 സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസത്തെ പെൻഷൻ നല്കാനുണ്ട്. പെൻഷൻ കമ്പനിയുടെ ബാധ്യതകൾ സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി

കടമെടുക്കാൻ കേന്ദ്ര സർക്കാർ അനുവദിക്കാത്തതും പെൻഷന്റെ കേന്ദ്ര വിഹിതം യഥാസമയം നല്കാത്തതു കാരണവുമാണ് പെൻഷൻ യഥാസമയം നല്കാൻ കഴിയാത്തത്.

(ബി) സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്നത് സർക്കാരിന്റെ പ്രാധാന കർത്തവ്യമാണ്. പ്രസ്തുത കടമ നിർവ്വഹിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹ്യ സുരക്ഷ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന് സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാനത്ത് നിലവിൽ ഒരു മാസത്തെ സാമൂഹ്യ സുരക്ഷ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിക്കുന്നതിന് ഏകദേശം 900 കോടിയോളം രൂപ ആവശ്യമാണ്. എന്നാൽ 2023 ഏപ്രിൽ 1 മുതൽ 2023 നവംബർ 30 വരെയുള്ള കാലയളവിൽ പെട്രോൾ, ഡീസൽ സെസ്സിനത്തിൽ 600.78 കോടിയോളം രൂപയും ഇന്ത്യൻ നിർമ്മിത വിദേശ മദ്യം (IMFL) സെസ്സിനത്തിൽ 139.92 കോടിയോളം രൂപയും മാത്രമാണ് ആകെ ലഭിച്ചത്. അതായത് 8 മാസക്കാലമായി സെസ്സിനത്തിൽ ലഭിച്ച ആകെ തുക ഒരു മാസത്തെ സാമൂഹ്യ സുരക്ഷ പെൻഷനുകൾ വിതരണം നടത്തുന്നതിന്

പോലും മതിയാകുകയില്ല. സെസ്സ് ഉൾപ്പടെ വരവ് ഇനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും, ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ബന്ധപ്പെട്ട ബജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽ നിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്.

(സി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി സാമൂഹ്യ സുരക്ഷ പെൻഷനുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള പരിശ്രമമാണ് സർക്കാർ നടത്തിവരുന്നത്.

(ഡി) 2016 മുതൽ 2020 വരെ നാല് മാസത്തിലൊരിക്കൽ പെൻഷൻ നല്കിയിരുന്നു. 06.09.2020-ലെ സ.ഉ. (പി)നം.118/2020/ധന. പ്രകാരം അതത് മാസത്തെ പെൻഷൻ എല്ലാ മാസവും 20-ാം തീയതിക്കും 30-ാം തീയതിക്കുമിടയിൽ വിതരണം ചെയ്യുന്നതാണെന്ന് ഉത്തരവായിരുന്നു. അപ്രകാരം 2020 സെപ്തംബർ മാസം മുതൽക്ക് പരമാവധി അതത് മാസം തന്നെ സാമൂഹ്യ സുരക്ഷ പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ചില സാഹചര്യങ്ങളിൽ 2

മാസത്തെ പെൻഷൻ ഒരുമിച്ചും നൽകിയിട്ടുണ്ട്. നിലവിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി സാമൂഹ്യ സുരക്ഷ പെൻഷനുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള പരിശ്രമമാണ് സർക്കാർ നടത്തിവരുന്നത്.

ശ്രീ. അൻവർ സാദത്ത്: സർ, സംസ്ഥാനത്ത് കഴിഞ്ഞ വർഷം സമയബന്ധിതമായി പെൻഷൻ മസ്റ്ററിംഗ് നടത്താത്തതിന്റെ പേരിൽ എത്ര പേർക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ നിഷേധിച്ചെന്ന് വ്യക്തമാക്കാമോ; പിന്നീട് മസ്റ്ററിംഗ് നടത്തുന്നവർക്ക് മുൻകാല പ്രാബല്യത്തോടെ പെൻഷൻ നൽകുന്നുണ്ടോ, ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, മസ്റ്ററിംഗിന്റെ വിശദമായ കണക്ക് പരിശോധിച്ച് മാത്രമെ പറയാൻ സാധിക്കൂ. എല്ലാ പെൻഷനും ഉള്ളതുപോലെ ലൈഫ് സർട്ടിഫിക്കറ്റിനാണ് മസ്റ്ററിംഗ് നടത്തുന്നത്. അതിൽ വിട്ടുപോയവരെ പിന്നീട് കൂട്ടിച്ചേർത്തിട്ടുണ്ട്. അത് സാധാരണ സമ്പ്രദായമാണ്. കോവിഡ് സമയത്ത് കുറച്ചുകാലം മസ്റ്ററിംഗ് നടത്തിയിരുന്നില്ല. നേരത്തെ സൂചിപ്പിച്ച സി.&എ.ജി. കണക്ക് പ്രകാരം മരിച്ചുപോയ വ്യക്തികളുടെ അക്കൗണ്ടിൽവരെ പെൻഷൻ പോയിട്ടുണ്ട്. അങ്ങനെയുള്ള കാര്യങ്ങൾ ഒഴിവാക്കാനാണ് മസ്റ്ററിംഗ്

വേണ്ടിവരുന്നത്. മസ്റ്ററിംഗിന് നാല് മാസക്കാലയളവ് നൽകിയിരുന്നു. അതിനുള്ളിൽ മസ്റ്ററിംഗ് നടത്താത്ത ഒരു പ്രശ്നമുണ്ട്. വിശദമായ കണക്കുകൾ പരിശോധിച്ച് വ്യക്തമാക്കാം.

(ചോദ്യോത്തര സമയം കഴിഞ്ഞു.)